## യൂണിറ്റ് 1 : കാലാതീതം കാവ്യവിസ്മയം

പാഠം : ലക്ഷ്മണ സാന്ത്വനം

പഠനനേട്ടം : മധ്യകാലഘട്ടത്തിലെ കാവ്യഭാഗം വായിച്ച് ജീവിതവീക്ഷണം, സമകാലിക പ്രസക്തി എന്നിവ അവതരിപ്പിക്കുന്നു.

പ്രക്രിയ :

**പ്രളയം നമുക്ക് നൽകുന്ന പാഠമെന്ത് ?**

**– ഒറ്റ ദിവസം കൊണ്ട് എല്ലാം നഷ്ടപ്പെട്ട് നിസ്സഹായരായി നോക്കി നിൽക്കേണ്ടി വന്ന അവസ്ഥ.**

**ചർച്ച**

ഭൗതിക ജീവിതത്തിന്റെ നശ്വരത എഴുത്തച്ഛൻ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

**ചർച്ച**

– ഭൗതിക ജീവിതത്തിന്റെ നശ്വരത

– മർത്ത്യജന്മത്തിന്റെ ക്ഷണികത

– ഈ ലോകജീവിതം സ്വപ്നതുല്യം

എഴുത്തച്ഛന്റെ ജീവിതവീക്ഷണം വർത്തമാനകാലഘട്ടത്തിൽ പ്രസക്തമാണോ? എങ്ങനെ?

**ചർച്ച**

**ക്രോഡീകരണം**

– സമ്പത്തിനും അധികാരത്തിനും ഭൗതികനേട്ടങ്ങൾക്കും പിന്നാലെ പായുന്ന സമൂഹം, ക്രോധം വരുത്തിവെക്കുന്ന വിനകൾ

– മോക്ഷപ്രാപ്തി ലക്ഷ്യമാക്കി ജീവിക്കേണ്ടതിന്റെ ആവശ്യകത

**ചോദ്യം**

'വഹ്നിസന്തപ്ത ലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം'

എഴുത്തച്ഛന്റെ ഈ വരികളുടെ കാലികപ്രസക്തി പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക

**സ്കോർ : 4 സമയം: 8 മിനിട്ട്**

**മൂല്യനിർണയ സൂചകങ്ങൾ**

★ വരികളുടെ ആശയം കണ്ടെത്തിയിട്ടുണ്ട്

★ സമകാലിക പ്രസക്തി വിലയിരുത്തിയിട്ടുണ്ട്

★ ഉചിതമായ ഭാഷ

**അധികചോദ്യങ്ങൾ**

1. ക്രോധം പരിത്യജിക്കേണം ബുധജനം ഈ വാക്യത്തിന്റെ കാലികപ്രസക്തി ചർച്ച ചെയ്ത് മുഖപ്രസംഗം തയ്യാറാക്കുക ? 6

2. "പാന്ഥർ പെരുവഴി ........... 4

   ..............................................

   ......... ചഞ്ചലമാലയ സംഗമം"

   ഈ വരികളിലെ ചമത്കാരഭംഗി കണ്ടെത്തുക

pdfelement

3. "വത്സ! സൗമിത്രേ! കുമാര! നീ കേൾക്കണം 4
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ"
ശ്രീരാമൻ ലക്ഷ്മണനെ സംബോധന ചെയ്യാൻ ഉപയോഗിക്കുന്ന പദങ്ങളുടെ സവിശേഷതകൾ വ്യക്തമാക്കുക?

1. 'ചക്ഷുഃശ്രവണ ഗളസ്ഥമാം ദർദുരം'
അടിവരയിട്ട പദത്തിന് പകരം വരുന്ന വാക്ക് കണ്ടെത്തി എഴുതുക 1
[ചക്ഷുസ്സ്, ശ്രവണം, ഗളം, തവള]

2. 'ക്രോധമല്ലോ നിജ ധർമ്മക്ഷയകരം
ക്രോധം പരിത്യജിക്കേണം ബുധജനം' എന്താണ് പരിത്യജിക്കേണ്ടത്. 1
[സന്തോഷം, ക്രോധം, മോഹം, ലോഭം]

3. 'ഭോഗങ്ങളെല്ലാം ക്ഷണപ്രഭാഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ'
ഈ വരികളിലെ സൂചന? 1
[ജീവിതത്തിന്റെ ക്ഷണികത, ജീവിതത്തിന്റെ സൗന്ദര്യം,
ജീവിതത്തിന്റെ നിരർത്ഥകത, ജീവിതത്തിന്റെ തീക്ഷ്ണത]

4. ദേഹാഭിമാനം എന്ന പദം പിരിച്ചാൽ 1
[ദേഹ + അഭിമാനം , ദേഹാ + അഭിമാനം
ദേഹം + അഭിമാനം , ദേഹി + അഭിമാനം]

pdfelement

## പാഠം : കാളിദാസൻ

**പഠനനേട്ടം :** കാളിദാസകൃതികൾ വായിച്ച് അവയുടെ രചനാപരമായ സവിശേഷതകൾ, നിലപാടുകൾ എന്നിവ വിശകലനം ചെയ്യുന്നു

**പ്രക്രിയ :** ചിത്രം (T B Page 17) കാണിക്കുന്നു
ഇത് ഏത് കൃതിയുമായി ബന്ധപ്പെട്ട ചിത്രമാണ് ?
ഇതിലെ കഥാപാത്രങ്ങൾ ആരെല്ലാം ?
ഈ കൃതിയുടെ സവിശേഷതകൾ എന്തെല്ലാമാണ് ?
- പ്രകൃതി വർണന
- മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധം

**ചോദ്യം**

കാളിദാസന്റെ ഭാവന ഏറ്റവുമധികം തെളിഞ്ഞു പ്രകാശിക്കുന്നത് ഭാരതീയ നാടകങ്ങളുടെ മുന്നണിയിൽ നിൽക്കുന്ന ശാകുന്തളത്തിന്റെ രചനയിലാണ്.

ആശ്രമത്തിന്റെ അഴകും പരിശുദ്ധിയും നഗരത്തിന്റെ പകിട്ടും പ്രൗഢിയും അതിലുണ്ട്. പ്രഥമപ്രണയത്തിന്റെ വിലാസഭംഗികളും പ്രൗഢസ്നേഹത്തിന്റെ ക്ഷമയും ത്യാഗവും അതിൽ കാണാം.

ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ അഭിജ്ഞാനശാകുന്തളം നാടകം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

സ്കോർ : 4 സമയം 8 മിനിട്ട്

മൂല്യ നിർണയ സുചകങ്ങൾ

★ പ്രസ്താവനയുടെ ആശയം ഗ്രഹിച്ചിട്ടുണ്ട്.

★ അഭിജ്ഞാനശാകുന്തളം നാടകത്തിന്റെ സവിശേഷതകൾ വിലയിരുത്തിയിട്ടുണ്ട്

★ ഉചിതമായ ഭാഷ

അധിക ചോദ്യങ്ങൾ

1. അയാൾ മലയിൽ വരപായുന്ന ആനപോലെ അഴകേറിയ ഒരു പുതുമേഘത്തിന്റെ മുമ്പിൽ വ്യസനിച്ചങ്ങനെ നിന്നും - പ്രയോഗഭംഗി വ്യക്തമാക്കുക 2

2. ''അനുകരണം അഭിനന്ദനത്തിന്റെ ശരിയായ രൂപമാണെങ്കിൽ ഈ ചെറുകാവ്യത്തിന് ലഭിച്ചത്ര അഭിനന്ദം കാളിദാസന്റെയെന്നല്ല, മറ്റൊരു കവിയുടെയും മറ്റൊരു രചനയ്ക്കും ലഭിച്ചിട്ടില്ല'' - ഈ പ്രസ്താവനയിലൂടെ സൂചിതമാകുന്ന മേഘസന്ദേശത്തിന്റെ മഹത്ത്വമെന്താണ്? 4

3. സുപ്രസിദ്ധമായ അഭിജ്ഞാന ശാകുന്തളത്തിലും ഈ തത്ത്വം തന്നെയാണ് മഹാകവി ആവിഷ്ക്കരിച്ചിരിക്കുന്നത്. ഇവിടെ പരാമർശിക്കുന്ന തത്ത്വമെന്താണ് ? 4

4. സ്നേഹം കേവലം പഞ്ചേന്ദ്രിയപരം മാത്രമായിരിക്കരുത് എന്നും ഭോഗത്തിലല്ല ത്യാഗത്തിലാണ് സ്നേഹത്തിന്റെ പരിപൂർണ്ണതയെന്നും അദ്ദേഹം വിശ്വസിച്ചു. ഈ പ്രസ്താവന കുമാരസംഭവത്തെ അടിസ്ഥാനമാക്കി വിശദമാക്കുക? 4

5. അഭിജ്ഞാനശാകുന്തളം നാടകത്തിന്റെ ഇതിവൃത്തം താഴെ പറയുന്നവയിൽ ഏത് പരാമർശവുമായി കൂടുതൽ യോജിക്കുന്നു. 1

- ♦ മനുഷ്യരുടെയും പ്രകൃതിയുടെയും അനുഭൂതി മധുരങ്ങളായ ചിത്രങ്ങൾ ചിതറിക്കിടക്കുന്നു
- ♦ രാഷ്ട്രീയ സ്ഥിതിഗതികളെ ഹാസ്യഗർഭിതമായ രീതിയിൽ കടാക്ഷിക്കുന്നു.
- ♦ ഇന്ത്യയിലെ നഗരങ്ങളുടെയും ഗ്രാമങ്ങളുടെയും അകൃത്രിമമായ രമണീയം.

6. വിക്രമോർവ്വശീയം എന്ന ഗീതപ്രധാനമായ നാടകത്തിന് അടിസ്ഥാനം 1

- ♦ അപ്സരസ്സായ ഉർവ്വശിയും രാജാവായ പുരുരവസും തമ്മിലുള്ള പ്രണയം
- ♦ സൂര്യവംശരാജാക്കന്മാരുടെ കഥയാണ്.
- ♦ കാടും നാടും നഗരവും പുഴയും നദിയും സമുദ്രവും പ്രകൃതിയുടെ എല്ലാ അവസ്ഥാ വിശേഷങ്ങളും പരാമർശിക്കുന്നു.
- ♦ അഗ്നിമിത്രനെന്ന സുംഗ രാജാവിന്റെ കുടുംബത്തെ ചിത്രികരിക്കുന്നു.

3. പാർവതി പരമേശ്വരൻമാരുടെ വിവാഹം വൈദിക വിധികളനുസരിച്ച് ആഘോഷിക്കപ്പെട്ട നഗരം താഴെ പറയുന്നവയിൽ ഏതാണ് ? 1

[ഔഷധിപ്രസ്ഥം, അളകാപുരം, രാമഗിരി, സുംഗരാജ്യം]

## പാഠം. : അമ്മ

പഠനനേട്ടം : ബഷീർ കൃതികളുടെ പ്രത്യേകതകളും അദ്ദേഹത്തിന്റെ നിലപാടുകളും തിരിച്ചറിയുന്നു

പ്രക്രിയ : ''അമ്മ മഴക്കാറിന് കൺനിറഞ്ഞു
ആ കണ്ണീരിൽ ഞാൻ നനഞ്ഞു''
പാട്ട് കേൾപ്പിക്കുന്നു.

ഈ പാട്ട് കേൾക്കുമ്പോൾ ആരെയാണ് ഓർമ വരുന്നത് ?

സ്വന്തം അമ്മയെക്കുറിച്ച് നിങ്ങൾക്ക് എന്തെല്ലാം പറയാനുണ്ട് ?

ബഷീറിന്റെ 'അമ്മ' എന്ന ഓർമ്മകുറിപ്പിൽ പരാമർശിക്കുന്ന അമ്മമാർ ആരെല്ലാം ? അവരോടുള്ള ബഷീറിന്റെ മനോഭാവമെന്ത് ?

വീടു വിട്ടിറങ്ങാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്ത് ?

- സ്വാതന്ത്ര്യസമരത്തിന്റെ തീവ്രത
- ബഷീറിന്റെ രാജ്യസ്നേഹം
- കുടുംബബന്ധങ്ങളെക്കാൾ ശക്തമായ രാജ്യസ്നേഹം
- സ്വാതന്ത്ര്യസമരസേനാനികളുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ

**ചോദ്യം**

"ദേശസ്നേഹം - മാതൃസ്നേഹത്തിനു തുല്യമാണെന്ന് സമർത്ഥിക്കുകയാണ് തന്റെ ഓർമ്മക്കുറിപ്പിലൂടെ ബഷീർ ചെയ്യുന്നത്" - അമ്മ എന്ന രചനയുടെ പശ്ചാത്തലത്തിൽ ഈ പ്രസ്താവന വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക

സ്കോർ : 6 സമയം : 14 മിനിട്ട്

**മൂല്യനിർണയ സൂചകങ്ങൾ**

★ പ്രസ്താവന വിശകലനം ചെയ്തിട്ടുണ്ട്

★ സ്വാഭാപ്രായം സമർത്ഥിച്ചിട്ടുണ്ട്

★ ഉപന്യാസത്തിന്റെ ഘടന

★ ഉചിതമായ ഭാഷ

pdfelement

**അധികചോദ്യങ്ങൾ**

1. അമ്മ ചോദിച്ചു : "എടാ ഈ കാന്തി ഞമ്മടെ പഷ്ണി തീർക്കുവോ?" ഒരു വലിയ പ്രശ്നം ഭാരതത്തെ ആകമാനം ബാധിക്കുന്നതിനേപ്പറ്റി ഒന്നും എനിക്കറിഞ്ഞുകൂടാ എങ്കിലും ഞാൻ പറഞ്ഞു. "ഭാരതം സ്വതന്ത്രമായാൽ നമ്മുടെ പട്ടിണി തീരും" ബഷീറിന്റെ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം എന്ത്? 4

2. "മസിലിനു ബലമില്ല, പിളുപിളുപ്പ്
പടപടേന്ന് ഒരാറെണ്ണം എന്റെ കൈവെള്ളയിൽ"
പാഠഭാഗത്തു നിന്നും കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി ബഷീറിന്റെ ആഖ്യാനശൈലിയുടെ സവിശേഷതകൾ വിശദമാക്കുക 4

**ലഘുചോദ്യങ്ങൾ**

1. 'ഓ ...... ചോറും കറിയും വെച്ച് എല്ലാ രാത്രിയും ഞാൻ കാത്തിരിക്കും.' 1

അമ്മയുടെ ഈ പ്രസ്താവനയിൽ തെളിയുന്ന ഭാവം

(മകനോടുള്ള അഗാധസ്നേഹം, സ്വാതന്ത്ര്യസമരകാലത്തെ പ്രശ്നങ്ങൾ, ബഷീറിന്റെ പിതാവിനെ കാത്തിരിക്കുന്നു, ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബം)

2. "ലോകവന്ദ്യനായ ആ മഹാത്മാവിനെ ഒന്നു തൊടണം." മഹാത്മാവ് എന്ന പദം വിഗ്രഹിച്ചാൽ 1

(മഹാനായ ആത്മാവ്, ആത്മാവിന്റെ മാഹാത്മ്യം, മഹത്തായ ആത്മാവോടു കൂടിയവൻ)

## കേരളപാഠാവലി - യൂണിറ്റ് ടെസ്റ്റ്

### യൂണിറ്റ് -1 കാലാതീതം കാവ്യവിസ്മയം

സ്കോർ : 20

സമയം : 45 മിനിട്ട്

1. "ജീവിതത്തിന്റെ വിഭിന്ന മുഖങ്ങളുടെ സംഗമം" എന്ന് വിശേഷിപ്പിക്കുന്ന കൃതി 1
(ഋതുസംഹാരം, ശാകുന്തളം, വിക്രമോർവശീയം, മേഘസന്ദേശം)

2. ബഷീറിനെ വീടുവിട്ടിറങ്ങാൻ പ്രേരിപ്പിച്ചത് എന്ത്? 1
(മാതൃസ്നേഹം, സത്യസന്ധത, ദേശസ്നേഹം, പ്രകൃതിസ്നേഹം)

3.ക്രോധം വരുത്തി വയ്ക്കുന്ന ദോഷങ്ങൾ എന്തെല്ലാം? 4

4.കാളിദാസകൃതികളിൽ വച്ച് ഏറ്റവും അഴകുള്ളത് കുമാര സംഭവമാണെന്ന് പറയാൻ കാരണമെന്ത്? 4

5.ഗാന്ധിജിയോടുള്ള ആരാധന ബഷീറിന്റെ ജീവിതത്തെ എങ്ങനെയെല്ലാം സ്വാധീനിച്ചു. 4

6.മഹത്തായ കാവ്യസൃഷ്ടികൾ കാലത്തെ അതിജീവിക്കുന്നവയാണ് കാളിദാസന്റെയും എഴുത്തച്ഛന്റെയും സാഹിത്യസംഭാവനകൾ പരിചയപ്പെടുത്തി ഉപന്യാസം തയ്യാറാക്കുക. 6

pdfelement

യൂണിറ്റ് 2 : അനുഭൂതികൾ ആവിഷ്ക്കാരങ്ങൾ

പാഠം : വിശ്വരൂപം

പഠനനേട്ടം : കഥയിലെ ആശയങ്ങൾ സ്വന്തം കാഴ്ചപ്പാടിൽ അവതരിപ്പിക്കുന്നു

പ്രക്രിയ

- വിശ്വരൂപം എന്ന കഥയിലെ രണ്ട് സന്ദർഭങ്ങൾ നല്കുന്നു.

**"ഔദ്യോഗിക വിരുന്നുകളിലും പൊതുചടങ്ങുകളിലും വച്ച് ഭാരതീയ സ്ത്രീത്വത്തിന്റെ അംബാസഡർ എന്നു വിളിക്കാറുണ്ടവരെ.**

വേഷത്തിലും ഭാവത്തിലും നടപ്പിലും ഒരു മഹാറാണിയുടെ അന്തസ്സുതോന്നും"

"നരച്ച ഒരു തല പ്രത്യക്ഷപ്പെട്ടു. കൃശമായ ശരീരം, നെറ്റിയിൽ ഭസ്മക്കുറി. കഴുത്തിൽ രുദ്രാക്ഷമാല......"

മാഡം തലത്തിൽ നിന്ന് കുഞ്ഞിക്കുട്ടിയമ്മയിലേക്കുള്ള മാറ്റം ചർച്ച ചെയ്യുന്നു.

- മിസ്സിസ്സ് തലത്തിന്റെ ജീവിതം
- കുട്ടികളെ വളർത്താത്ത അമ്മ
- ഡോ. തലത്തിനുവേണ്ടി രൂപപ്പെടുത്തിയ വ്യക്തിത്വം
- മക്കളുടെ അവസ്ഥ
- ഭർത്താവിന്റെ വിയോഗം
- സ്ത്രീയിൽ ജന്മസിദ്ധമായുള്ള മാതൃഭാവത്തിലേക്കുള്ള തിരിച്ചുപോക്ക്
- മാതൃത്വത്തിന്റെ വിശ്വരൂപം സ്വയം പ്രകടമാക്കുന്ന അമ്മയായ താഴത്ത് കുഞ്ഞിക്കുട്ടിയമ്മ

ക്രോഡീകരിക്കുന്നു.

**ചോദ്യം**

"മാഡം തലത്ത് മരിച്ചുപോയി മോനേ, ഡോക്ടർ തലത്തിനോടൊപ്പം അവരും പോയി. ഇത് അമ്മയാണ് താഴത്ത് കുഞ്ഞുകുട്ടിയമ്മ" മാഡം തലത്തിന്റെ ജീവിതനിരീക്ഷണത്തോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്? കുറിപ്പ് തയ്യാറാക്കുക.

സ്കോർ : 4 സമയം : 8 മിനിട്ട്

**മൂല്യനിർണയ സൂചകങ്ങൾ**

★ കഥാപാത്രത്തിന്റെ പരിണാമഗതി വിശദീകരിച്ചിട്ടുണ്ട്.

★ പ്രതികരണം വ്യക്തമാക്കിയിട്ടുണ്ട്.

**അധികചോദ്യങ്ങൾ**

1. ആരുടെ മുന്നിലും തല കുനിക്കാത്ത മിസ്സിസ്സ് തലത്തിന്റെ ഇന്നലെകൾ കഥയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ? 4

2. "എന്റെ യജമാനൻ മാറ്റമായിപ്പോയി. പക്ഷേ എന്നെ കൊണ്ടുപോയില്ല. എന്നിട്ടും ഞാൻ ജീവിക്കുന്നു. നീ ഇതു കണ്ടുവല്ലോ." 4

"എന്റെ അച്ഛനമ്മമാർ ഇതിലും മോശമായ വീട്ടിലാണ് കുഞ്ഞേ താമസിച്ചിരിന്നത്. അവിടെയാണ് ഞാൻ വളർന്നത്."

സൂചനകൾ വിശകലനം ചെയ്ത് ക്രമപ്പെടുത്തി മിസ്സിസ് തലത്ത് എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയ്യാറാക്കുക

3. "അയാൾ കുറ്റബോധത്തോടെ പറഞ്ഞു. പക്ഷേ എനിക്ക് നിവൃത്തിയില്ലായിരുന്നു. അദ്ദേഹത്തിനുശേഷം എനിക്കും മാറ്റമായി ആദ്യം സിഡ്നിയിൽ, പിന്നെ ജപ്പാനിൽ, ജർമ്മനിയിൽ ..... എട്ടുകൊല്ലം കഴിഞ്ഞ് ഇപ്പോഴാണ് നാട്ടിലേക്ക് വരുന്നത്."
കുറ്റബോധം തോന്നിയതാർക്കാണ്? 1

(മിസ്റ്റർ തലത്ത്, സുധീർ, രമേഷ്, ഡോളി)

**പാഠം : പ്രിയദർശനം**

പഠനനേട്ടം : രചനകളിൽ നിന്ന് ലഭിക്കുന്ന ആശയങ്ങൾ സ്വന്തം കാഴ്ചപ്പാടിൽ അവതരിപ്പിക്കുന്നതിന്

പ്രക്രിയ

"കഷ്ടകാലമഖിലം കഴിഞ്ഞു ഹാ !
ദിഷ്ടമീ വടിവിയന്നു വന്നപോൽ"

- കാവ്യസന്ദർഭം ഏത്?
- കഷ്ടകാലമെല്ലാം കഴിഞ്ഞു എന്ന് പറയാൻ കാരണമെന്ത്
- ഇവിടെ ധ്വനിപ്പിക്കുന്ന ഭാവമെന്ത്
- നളിനിയുടെ മാനസികാവസ്ഥ ചർച്ച ചെയ്യുന്നു.

**ചോദ്യം**

"ഏവമോതിയിടരാർന്നു കണ്ണുനീർ
തൂവിനാൾ മൊഴി കുഴങ്ങി നിന്നവൾ"

ജീവിതാവസ്ഥയെ ആവിഷ്കരിക്കാൻ ഈ വരികൾക്ക് എത്രമാത്രം കഴിഞ്ഞിട്ടുണ്ട്. കുറിപ്പ് തയ്യാറാക്കുക.

സ്കോർ : 4 സമയം : 8 മിനിട്ട്

- ദിവാകരനെ പിരിഞ്ഞതിലുള്ള ദുഃഖം
- ദിവാകരനെ കണ്ടുമുട്ടുമ്പോൾ നളിനിക്കുണ്ടായ സന്തോഷം
- നളിനിയുടെ മാനസികാവസ്ഥ
- ദിവാകരന്റെ പ്രതികരണം

**മൂല്യനിർണയ സൂചകങ്ങൾ**

★ സന്ദർഭം കണ്ടെത്തിയിട്ടുണ്ട്.
★ ആശയം വ്യക്തമാക്കിയിട്ടുണ്ട്.
★ കഥാപാത്രത്തിന്റെ മാനസികാവസ്ഥ തിരിച്ചറിഞ്ഞിട്ടുണ്ട്

**അധികചോദ്യങ്ങൾ**

1. "ധീരനായയതി നോക്കി തന്വിതൻ
ഭൂരിബാഷ്പ പരിപാടലം മുഖം
പൂരിതാഭയോടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർ സുമോപമം" കാവ്യഭംഗി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക 4

2. "പിന്നെയൊന്നൊരുപകാരമേതിനോ-
യെന്നെയോർത്തു സഖി, ഏതതോതുക
അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ" മനുഷ്യബന്ധത്തിന്റെ വൈചിത്ര്യങ്ങൾ ഈ വരികൾ എത്രമാത്രം ആവിഷ്ക്കരിച്ചിരിക്കുന്നു? 4

3. "ഭവാനുപണ്ടിഷ്ടയാം നളിനി ഞാൻ
മഹാമതേ" - ഭവാൻ എന്ന് സംബോധന ചെയ്തിരിക്കുന്നതാരെ? 1
(ദിവാകരൻ, സുധീർ , മദനൻ)

4. "ധീരനായയതി നോക്കി തമ്പി തൻ
ഭൂരിബാഷ്പ പരിപാടലം മുഖം"
'ധീരനായ യതി' എന്ന് പ്രയോഗിക്കുന്നതാരെ? 1
(ദിവാകരൻ, മദനൻ, ആശാൻ)

5. പ്രിയദർശനം എന്ന ശീർഷകം ഏറ്റവും ഉചിതമാകുന്നത് 1
(പ്രിയനെ ദർശിക്കുന്നതുകൊണ്ട്, പ്രിയങ്കരമായ കാഴ്ചകൾ കാണുന്നതുകൊണ്ട്, പ്രിയമുള്ള ഒരു ദർശനം അടങ്ങിയതുകൊണ്ട്, പ്രിയൻ ദാർശനികനായതുകൊണ്ട്)

6. "പണ്ടു നിന്നെയൊരിളം കുരുന്നതായ്
കണ്ടു ഞാൻ സപദി വല്ലിയായി നീ"
ഇവിടെ സൂചിപ്പിക്കുന്നത് 1
(നളിനിയുടെ യുവത്വം, നളിനിയുടെ വികാരപാരവശ്യം, നളിനിയുടെ പ്രകൃതി സ്നേഹം, നളിനിയുടെ ഹൃദയശുദ്ധി)

pdfelement

## പാഠം : കടൽത്തീരത്ത്

**പഠനനേട്ടം** : കഥ, കവിത തുടങ്ങിയവ വായിച്ചാസ്വദിക്കുന്നതിനും ആശയം ഉൾക്കൊണ്ടു പ്രതികരിക്കുന്നതിനും

**പ്രക്രിയ**

- കടൽത്തീരത്ത് കഥ, കഥാപാത്രങ്ങൾ ചർച്ച
- പാഴുതറ ഗ്രാമത്തിന്റെ ദുഃഖം, വെള്ളായിയപ്പൻ കണ്ണൂരിലെത്തിയപ്പോഴുണ്ടായ അനുഭവങ്ങൾ - ചർച്ച

**ക്രോഡീകരണം**

ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ വിശദമാക്കണം

- ശേഷം കുറ്റിപ്പുറത്തിന്റെ
'നാട്യം പ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം' എന്ന കാവ്യഭാഗം കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തി ആശയം പൊതുചർച്ച.

**ക്രോഡീകരണം**

ഗ്രാമത്തിന്റെ വിശുദ്ധിയും നഗരത്തിന്റെ കളങ്കവും വ്യക്തമാക്കുന്ന വരികൾ. പുറംമോടിയിലും സമ്പത്തിലും നഗരമാണ് സമൃദ്ധമായിട്ടുള്ളത്. അവിടെ

സ്വാഭാവികതയില്ല. കൃത്രിമത്വമാണുള്ളത്. സ്നേഹവും വിനയവുമെല്ലാം കേവലം നാട്യമാണവിടെ. എന്നാൽ ഇതിനു നേരെ വിപരീതമാണ് നാട്ടിൻപുറം

ചോദ്യം

"ആ വീടുകൾക്കപ്പുറത്ത് പാഴുതറയിലെ അമ്പതിൽച്ചില്വാനം കുടിലുകളിലത്രയും ഈ വിഷാദവും സഹാനുഭൂതിയും നിറഞ്ഞു."

"കിഴവൻ നേരം പുലരും മുമ്പേ ജയിലിലേക്കുള്ള വഴി തേടുന്നു. കാരണവരേ കട്ടാൽ മതി ജയിലിലെത്തിച്ചേരാം" (കടൽത്തീരത്ത്)

"നാട്യ പ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം" (കുറ്റിപ്പുറത്ത് കേശവൻനായർ)

കാവ്യഭാഗത്തു പരാമർശിക്കുന്ന
കഥാ സന്ദർഭങ്ങൾ കവിതയിലെ വരികളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

സ്കോർ : 6 സമയം 15 മിനിട്ട്

**മൂല്യനിർണയ സൂചകങ്ങൾ**

★ കവിത, കഥ - ആശയം ഗ്രഹിച്ചിട്ടുണ്ട്.
★ താരതമ്യം ചെയ്തിട്ടുണ്ട്
★ ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്

**അധിക ചോദ്യങ്ങൾ**

1. "വെള്ളായിയപ്പൻ കരഞ്ഞു വിളിച്ചു "മകനേ!" കണ്ടുണ്ണി മറുവിളി വിളിച്ചു "അപ്പാ" രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ, മൗനത്തിൽ, അച്ഛനും മകനും അറിവുകൾ കൈമാറി." വൈകാരിക തീക്ഷ്ണമായ സന്ദർഭങ്ങളെ ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ അവതരിപ്പിക്കുന്ന കഥാകാരനാണ് ഒ. വി വിജയൻ. കഥയിലെ മറ്റു സന്ദർഭങ്ങൾ കൂടി കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക. 4

2. "പുഴ കടന്ന് അപ്പുറത്തെ മേടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു." പുഴ വെള്ളായിയപ്പനെ കരയിച്ചതെങ്ങനെ? 1

3. "പട്ടകളിൽ കാറ്റിരമ്പുന്നത് അയാൾക്ക് അന്നാദ്യമായി അപരിചിതമായി തോന്നി." പ്രസ്തുത വരികളിൽ 'അയാൾ' എന്ന് പ്രയോഗിച്ചിരിക്കുന്നത് - 1
(വെള്ളായി, കണ്ടുണ്ണി, പാറാവുകാരൻ, കുട്ടിയസ്സൻ മാപ്പിള )

## കേരളാ പാഠാവലി - യൂണിറ്റ് ടെസ്റ്റ്

## യൂണിറ്റ് -2 അനുഭൂതികൾ, ആവിഷ്കാരങ്ങൾ

സ്കോർ : 20

സമയം : 45 മി

1. "അൻപുതരുമന്യരൊടു ബന്ധമാബന്ധങ്ങൾ
നൺപെന്ന മഹിതസൗഭാഗ്യം" - തിരുക്കുറൽ 1
'നൺപ്' എന്ന പദത്തിന്റെ അർത്ഥം
(സൗഹൃദം, സന്തോഷം, സാമിപ്യം, സന്താപം)

2." മാഡം തലത്ത് മരിച്ചുപോയി മോനേ, ഡോക്ടർ തലത്തിനോടൊപ്പം അവരും പോയി. ഇത് അമ്മയാണ്. താഴത്ത് കുഞ്ഞുകുട്ടിയമ്മ" ഈ വാക്യത്തിൽ പ്രതിഫലിക്കുന്ന ഭാവമെന്ത് ? 1
(നിരാശ, ദുഃഖം, തിരിച്ചറിവ്, അപകർഷതാബോധം)

3. വിശ്വരൂപം എന്ന കഥയുടെ ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക 4

4. "ഏവമോതിയിടരാർന്നു കണ്ണുനീർ
തൂവിനാൾ മൊഴികുഴങ്ങി നിന്നവൾ
ഭാവശാലികൾ പിരിഞ്ഞുകൂടിയാ-
ലീവിധം വികലമാം സുഖോദയം"
നളിനിയുടെ സുഖോദയം വികലമാണെന്നു പറയാൻ കാരണമെന്ത് 4

5. "പുഴ കടന്ന് അപ്പുറത്തെ മേടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു." പുഴ വെള്ളായിയപ്പനിൽ ഉണർത്തിയ ചിന്തകൾ എന്തെല്ലാം 4

6. 'തുവർത്തിൽ കെട്ടിയ പൊതിച്ചോറിന്റെ കഞ്ഞി നനവ് കൈയിൽ തട്ടി' 'കണ്ണൂരെത്തിയപ്പോൾ നേരം പുലർന്നിട്ടില്ല.' 'അപ്പോഴും കെട്ടഴിക്കാതെ പൊതിച്ചോറ് കൈയിലിരുന്നു.' 'മകനേ ഈ പൊതിച്ചോറ് നിന്റെ അമ്മ എനിക്കുവേണ്ടി പൊതിഞ്ഞതാണ്' 'വെള്ളായിയപ്പൻ പൊതിയഴിച്ചു, അന്നം നിലത്തേക്കറിഞ്ഞു. വെയിലിന്റെ മുകൾത്തട്ടിലെവിടെ നിന്നോ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങി വന്നു.' പൊതിച്ചോറിന് കഥയിൽ സവിശേഷമായ സ്ഥാനമാണുള്ളത്. കഥ വിശകലനം ചെയ്ത് ഈ പ്രസ്താവനയോടുള്ള പ്രതികരണം കുറിക്കുക 6

pdfelement

## യൂണിറ്റ് -3 സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ

## പാഠം - പ്രലോഭനം

പഠനനേട്ടം - ക്ലാസ്സിക് കൃതികളിലെ സന്ദർഭങ്ങൾ വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുന്നതിന്

"ധനവും ധാന്യവും നാടുമൊക്കെയും
കൈക്കലാക്കിയവനെ വിടുക വനഭൂവി"

**ചോദ്യം**

ഈ വരികളിൽ തെളിയുന്ന കലിയുടെ മനോഭാവം വിശകലനം ചെയ്തു കുറിപ്പു തയ്യാറാക്കുക

സ്കോർ - 4 സമയം 8 മിനിട്ട്

**ചർച്ചാ സൂചകങ്ങൾ**

★ പണയവസ്തുവായി കലി കാണുന്നതെന്ത്?
★ ഇതിന്റെ പിന്നിലുള്ള താല്പര്യമെന്ത്?
★ കലിയുടെ ആത്യന്തികമായ ലക്ഷ്യമെന്ത്?
★ പുഷ്കരനോടുള്ള കലിയുടെ മനോഭാവമെന്ത്?

**ആശയം**

★ വിക്രയ വസ്തു താൻ തന്നെയാകണമെന്ന് കലി ലക്ഷ്യമാക്കുന്നു
★ നളന്റെ സർവ്വസാമ്പാദ്യങ്ങളും കൈക്കലാക്കി അവനെ വനത്തിലേക്കയക്കുക
★ പുഷ്ക്കരനെ പ്രലോഭിക്കുക
★ എതിരാളിക്കു സർവ്വനാശം വരുത്തുക
★ നളനെയും ദമയന്തിയെയും രണ്ടു ദിക്കിലാക്കുക എന്ന പ്രതിജ്ഞ പാലിക്കുക

**ക്രോഡീകരണം** - ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾപ്പെടുത്തി വിശകലനക്കുറിപ്പു തയ്യാറാക്കുനനു

**മൂല്യനിർണ്ണയ സൂചകങ്ങൾ**

★ സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്
★ വരികളുടെ ആശയം കണ്ടെത്തിയിട്ടുണ്ട്
★ കലിയുടെ മനോഭാവം വ്യക്തിമാക്കിയിട്ടുണ്ട്
★ ഭാഷ

**യുദ്ധത്തിന്റെ പരിണാമം - കുട്ടികൃഷ്ണമാരാർ**

പഠനനേട്ടം : ഇതിഹാസ കൃതികൾ വായിച്ച് കഥാപാത്രങ്ങളെ നിരൂപണം ചെയ്യുന്നതിന്

**ചോദ്യം**

ഭാരതയുദ്ധത്തിന്റെ ഒരു മുഖ്യനേതാവായ ധാർത്തരാഷ്ട്ര ജ്യേഷ്ഠന് വ്യാസൻ 'സുയോധനൻ' എന്നും 'ദുര്യോധനൻ' എന്നും വിരുദ്ധാർത്ഥമായ രണ്ടുപേരിട്ടു വ്യവഹരിച്ചതിലെ ഔചിത്യം പരിശോധിക്കുക

സ്കോർ : 4 സമയം : 8 മിനിട്ട്

ഈ പ്രസ്താവനയോടു പ്രതികരിക്കാൻ കുട്ടികളോടാവശ്യപ്പെടുന്നു.

pdfelement

ചർച്ചാ സൂചകങ്ങൾ

★ പേരിന്റെ ഔചിത്യം
★ മഹാഭാരതയുദ്ധത്തിന്റെ കാര്യകാരണങ്ങൾ
★ ദുര്യോധനന്റെ മാനസികവ്യാപാരം
★ പേരിന്റെ വിരുദ്ധാർത്ഥം
★ ക്രോഡീകരണം

**ഔചിത്യം കണ്ടെത്തി കുറിപ്പാക്കുന്നു**

**മൂല്യനിർണ്ണയ സൂചകങ്ങൾ**

★ പേരുകളുടെ വ്യത്യസ്തമായ അർത്ഥം കണ്ടെത്തിയിട്ടുണ്ട്
★ കഥാപാത്രത്തിന്റെ സ്വഭാവം വെളിപ്പെടുത്തിയിട്ടുണ്ട്
★ പേരിന്റെ അർത്ഥം വിശദീകരിച്ചിട്ടുണ്ട്

**ക്രോഡീകരണം**

പേരുകളിലെ ഔചിത്യം പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുന്നു.

**മൂല്യനിർണ്ണയ സൂചകങ്ങൾ**

★ കവിതയുടെയും സംഭാഷണത്തിന്റെയും ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്
★ ആശയങ്ങളുടെ സാമ്യവ്യത്യാസങ്ങൾ കണ്ടെത്തിയിട്ടുണ്ട്
★ ആശയങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കിയിട്ടുണ്ട്
★ സംഭാഷണവും കാവ്യഭാഗവും വിശകലനം ചെയ്ത് എഴുത്തിന് (രചന) മുൻപുള്ള മാനസിക പ്രക്രിയ വിശദമാക്കാൻ ഈ വരികൾക്ക് എത്രമാത്രം സാധ്യമാകുന്നുണ്ടോ?

pdfelement

**ആത്മാവിന്റെ വെളിപാടുകൾ - പെരുമ്പടവം ശ്രീധരൻ**

**പഠനനേട്ടം** - സർഗ്ഗസൃഷ്ടികൾക്കു പിന്നിലുള്ള എഴുത്തുകാരുടെ മാനസികപ്രക്രിയ വിശകലനം ചെയ്യുന്നതിന്

"ഇനിയും കാര്യമായി എന്തെങ്കിലും എഴുതണമെന്നുണ്ടെനിക്ക്. അനേകം ആശയങ്ങൾ മനസ്സിലുണ്ടുതാനും. പക്ഷേ സാഹചര്യം അനുകൂലമല്ല. എന്തുചെയ്യാം. ഞാൻ വല്ലാത്തൊരവസ്ഥയിലാണ്." (ആത്മാവിന്റെ വെളിപാടുകൾ)

"ആ പ്രായത്തിലാണ്
എന്നെത്തേടി കവിത വന്നണഞ്ഞത്
എനിക്കറിയില്ല
എവിടെ നിന്നാണതുവന്നെത്തിയതെ-
ന്നെനിക്കറിയില്ല" (പാബ്ലോ നെരൂദ)

എഴുത്തിന്റെ വഴി വ്യത്യസ്തമാണ്. സംഭാഷണവും കാവ്യഭാഗവും പരിശോധിച്ച് മേൽപ്പറഞ്ഞ പ്രസ്താവന വിശകലനം ചെയ്യുക

സ്കോർ : 6 14 മിനിറ്റ്

**ചർച്ചാ സൂചകങ്ങൾ**

★ എഴുത്തുകാർക്ക് ഇങ്ങനെ ഒരു ചിന്ത ഉടലെടുക്കാനുള്ള സാഹചര്യം എന്ത് ?

★ സാഹിത്യത്തിന്റെ പിറവി മുൻകൂട്ടി നിശ്ചയിക്കുവാൻ സാധിക്കുമോ?

★ സങ്കീർണ്ണമായ മനസ്സ് എഴുത്തിന് പാകമാണോ?

★ രണ്ടു രചനകളുടെയും സാഹചര്യം ഒന്നാണോ?

★ സർഗ്ഗസൃഷ്ടി വെളിപാടുകളാണോ?

**മൂല്യനിർണ്ണയ സൂചകങ്ങൾ**

★ ദസ്തയേവ്സ്കിയുടെയും നെരുദടേയുംയും സർഗ്ഗസൃഷ്ടിക്കു മുൻപുള്ള സാഹചര്യം വിലയിരുത്തുന്നു.

★ പെട്ടെന്നുണ്ടാകുന്ന ചില സാഹചര്യമാണ്. പലരെയും എഴുത്തിലേക്ക് നയിക്കുന്നത്

★ ഏകാഗ്രമായ മനസ്സിൽ നിന്നേ നല്ല സൃഷ്ടികൾ ഉടലെടുക്കു

★ ഏകദേശം സമാനത പുലർത്തുന്ന ആശയമാണ്

★ സാഹിത്യരചന ഒരു വെളിപാടുതന്നെയാണ്.

**ക്രോഡീകരണം**

പാഠഭാഗങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുന്നു.

pdfelement

# കേരളപാഠാവലി - യൂണിറ്റ് ടെസ്റ്റ്

## യൂണിറ്റ് -3 സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ

സ്കോർ : 20

സമയം : 45 മി

1. വിഗ്രഹിക്കുക

കൃപകൃതവർമ്മാശ്വത്ഥാമാക്കൾ 1

2. "കോപമത്സരവശം വദ ഃ കലിർ

ദ്വാപരേണസഹമേദിനീംഗത ഃ"

ഭൂമിയിലേക്കുള്ള കലിയുടെ ഈ വരവിന്റെ ഒരു കാരണം വ്യക്തമാക്കുക 1

3. "രാത്രി ആളുകളുറങ്ങി അത്രയ്ക്കു നിശബ്ദമായ ശിബിരത്തിലേക്കോ താൻ കടന്നു ചെന്നത് അത്രയും നിശബ്ദമായ ശിബിരത്തിൽ നിന്ന് ദ്രൗണി പുറത്തേക്കും പോന്നു." ഭാരതയുദ്ധത്തിലെ ഈ നിശബ്ദമായ അറുകൊല യുദ്ധത്തിന്റെ ഭീകരതയെ എത്രമാത്രം തീവ്രമായി അവതരിപ്പിച്ചിരിക്കുന്നു. പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക 4

4. "സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ടുവരുന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ വച്ചു മുങ്ങിപ്പോയി." ഈ പ്രസ്താവന പാണ്ഡവർ നേടിയ വിജയം പൂർണ്ണ പരാജയമായിരുന്നി എന്ന് തെളിയിക്കുന്നു. നിലപാടിനോടുള്ള നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുക. 4

5. ഇത് ആത്മാവിന്റെ ഒരു വെളിപാടാണ്. അതിനുവേണ്ടി ധ്യാനിച്ചിരിക്കുമ്പോൾ ഒരു നിബന്ധനയും എഴുത്തുകാരനെ ബാധിക്കുന്നില്ല. എഴുത്തിന്റെ വഴികളെക്കുറിച്ചുള്ള ദസ്തയേവ്സ്കി-യുടെ ഈ കണ്ടെത്തൽ എത്രമാത്രം ശരിയാണ്. പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക 4

6. "ഓരോ ദുരന്തവും ജീവിതത്തെകൂടുതൽ സ്നേഹിക്കനാണ് എന്നെ പഠിപ്പിച്ചത്." ദസ്തയേവ്സ്കിയുടെ ജീവിതം വിശകലനം ചെയ്ത് ഈ വസ്തുത എത്രമാത്രം ശരിയെന്ന് സമർത്ഥിക്കുക 6

## യൂണിറ്റ് 4 വാക്കുകൾ സർഗ്ഗതാളങ്ങൾ
### അക്കർമാശി

പഠനനേട്ടം - സാഹിത്യ കൃതികളിലാവിഷ്ക്കരിക്കുന്ന എഴുത്തുകാരന്റെ ജീവിതാനുഭവങ്ങൾ തിരിച്ചറിയുന്നതിന്

"തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ!"

(ദുരവസ്ഥ)

**കവിതയിലെ ആശയമെന്താണ്?**

**വരികളിൽ പരാമർശിക്കപ്പെടുന്ന അനാചാരങ്ങൾ എന്തൊക്കെയാണ്.**

**ലഘുചർച്ച**

**ക്രോഡികരണം**

★ ഒരു കാലഘട്ടത്തിൽ കേരളത്തിൽ നടമാടിയിരുന്ന അനാചാരങ്ങളെയാണ് വരികളിൽ പരാമർശിക്കപ്പെടുന്നത്. തൊടീൽ, തീണ്ടൽ തുടങ്ങിയ നിരവധി അനാചരങ്ങളെക്കുറിച്ച് കുട്ടികൾ കേട്ടിട്ടണ്ട്.

അക്കർമാശി എന്ന പാഠഭാഗത്തിൽ ജാതി വിവേചനം സൂചിപ്പിക്കുന്ന ഒരു സന്ദർഭം അധ്യാപിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

["വാറു പൊട്ടിയ ചെരുപ്പ് അവിടെയുള്ള ചെരുപ്പുകുത്തിയെക്കൊണ്ട് നന്നാക്കിക്കാൻ പറഞ്ഞു സന്താമായി എന്നാൽ സന്താമായി ഒരു മഹാർ ആണെന്ന് മനസ്സിലായപ്പോൾ ചെരുപ്പുകുത്തി ചെരുപ്പ് തുന്നാൻ കൂട്ടാക്കിയില്ല."]

★ ഏത് സന്ദർഭത്തിലാണ് ഇത്തരമൊരനുഭവം എഴുത്തുകാരനുണ്ടായത് ?

★ ചെരുപ്പുകുത്തിയുടെ മനോഭാവത്തോട് യോജിക്കാനാവുമോ?

തുടങ്ങിയ ചോദ്യങ്ങളിലൂടെ പാഠസന്ദർഭം വിശകലനം ചെയ്യാം

**ക്രോഡീകരണം**

★ ഹാനൂരിലെ ബസ് സ്റ്റാന്റിൽ നിന്ന് കളഞ്ഞുകിട്ടിയ തോൽവളയം പൊട്ടിയ ചെരുപ്പ് നന്നാക്കാൻ ചെന്നപ്പോഴുണ്ടായ അനുഭവമാണ്.

★ ചെരുപ്പ്കുത്തിയുടെ പ്രവൃത്തി ജാതിപരമായ വിവേചനമാണ് കാണിക്കുന്നത്.

ചെരുപ്പ്കുത്തിയുടെ മനോഭാവത്തോടുള്ള പ്രതികരണമെന്ത്? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

സ്കോർ : 4 സമയം : 8മിനിട്ട്

**മൂല്യനിർണയ സൂചകങ്ങൾ**

★ ആശയം കണ്ടെത്തിയിട്ടുണ്ട്.

★ സന്ദർഭം തിരിച്ചറിഞ്ഞ് മനോഭാവം വിശകലനം ചെയ്തിട്ടുണ്ട്

★ ഉചിതമായ ഭാഷയിൽ പ്രതികരിച്ചിട്ടുണ്ട്.

**അധിക ചോദ്യങ്ങൾ**

1. നമുക്ക് പപ്പാതിയെടുക്കാം അക്കൽകോട്ടിൽ പോയി സിനിമ കാണാം ഈ

പ്രലോഭനത്തെ അതിജീവിച്ചാണ് ലിംബാളെ തന്റെ സത്യസന്ധത തെളിയിക്കുന്നത്. – ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്? 4

2. അറുപത് പൈസയായിരുന്നു ബസ്കൂലി അതു കൊടുക്കാൻ അവരുടെ കൈയിൽ കാശുണ്ടായിരുന്നില്ല. ഞങ്ങൾക്കൊക്കെ അത് വലിയ സംഖ്യ തന്നെയായിരുന്നു. അത് കൊടുക്കാനില്ലാത്തതിനാൽ ഞങ്ങൾ അങ്ങോട്ടുമിങ്ങോട്ടു നടക്കാറാണ് പതിവ്

**ശരൺകുമാർ ലിംബാളെ – അക്കർമാശി**

പത്രവാർത്ത 4

"ആംബുലൻസിന് കൊടുക്കാൻ പണമില്ലാത്തതിനാൽ ഭാര്യയുടെ മൃതദേഹവും തോളിൽ ചുമന്ന് കിലോമീറ്റർ നടന്ന് വീട്ടിലെത്തിയ മാജി" പാഠഭാഗവും പത്രവാർത്തയും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

## ഞാൻ കഥാകാരനായ കഥ

**പഠനനേട്ടം** – കഥകളും കവിതകളും വായിച്ച് വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുന്നതിന്

1. "എനിക്ക് ആ വൃദ്ധയുടെ പരിതസ്ഥിതിയിൽ വലിയ സഹതാപം തോന്നി. അവർ കണ്ണീരിൽ കലർത്തിപ്പറഞ്ഞ കഥകൾ എന്നെ പരവശനാക്കി"

(എസ്. കെ പൊറ്റക്കാട് – ഞാൻ കഥാകാരനായ കഥ)

പാഠഭാഗം ചാർട്ടിൽ പ്രദർശിപ്പിച്ച് അധ്യാപിക ചോദ്യങ്ങളുന്നയിക്കുന്നു

- ★ എഴുത്തുകാരനെ സ്വാധീനിച്ച വൃദ്ധയെക്കുറിച്ച് മറ്റെന്തൊക്കെ വിവരങ്ങളാണ് പാഠഭാഗത്ത് നിന്ന് ലഭിക്കുന്നത്
- ★ ഇതുപോലെയുള്ള അനുഭവങ്ങൾ നിങ്ങൾക്ക് ഉണ്ടായിട്ടുണ്ടോ?
- ★ വൃദ്ധയുടെ ദയനീയവസ്ഥയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ കണ്ടെത്തുന്നു.
- ★ അമ്മത്തൊട്ടിൽ പോലെയുള്ള പാഠങ്ങൾ ഓർമ്മിക്കാം
- ★ സമാനമായ സംഭവങ്ങൾ വാർത്താമാധ്യമങ്ങളിലുള്ളത് പരാമർശിക്കാം.

സുഗതകുമാരിയുടെ ഇവൾക്കുമാത്രമായ് എന്ന കവിതയിലെ വരികളും ഞാൻ കഥാകാരനായ കഥയിലെ വൃദ്ധ മകനുവേണ്ടി അനുഷ്ഠിച്ച ത്യാഗത്തിന്റെ ഭാഗവും പ്രസന്റേഷനിലൂടെയോ ചാർട്ടിലൂടെയോ പ്രദർശിപ്പിക്കുന്നു.

**ചോദ്യം** –

"ഇവൾ ദൈവത്തിനും മുകളിൽ സ്നേഹത്തെ ഇരുത്തിപ്പൂജിപ്പോൾ,
ഇവൾ കാലത്തിന്റെ കരങ്ങളിൽ മാത്രം. സമാശ്വസിക്കുവോൾ"

(സുഗതകുമാരി – ഇവൾക്കുമാത്രമായ്)

"അവന്ന് വയറുനിറയെ ഉണ്ണാൻ വേണ്ടി ഞാൻ പഷ്ണി കിടന്നതും അവന്നു ഷ്കൂളിലേക്ക് ഒരു വരക്കോലും ഷ്കൂറ് പെട്ടിയും വാങ്ങാൻ പൈസയില്ലാതെ ഞാൻ എന്റെ അരയിലെ ഏലസ്സിനകത്തു പണ്ടുപണ്ടേ കിടന്നിരുന്ന ഒരു പൊൻപണം തൂക്കിവിറ്റതും മറ്റും അവന്ന് ഓർമ്മയുണ്ടോ എന്നൊന്ന് എഴുതിചോദിക്കൂ,ഇപ്പോൾ അവന്ന് എന്നെ കണ്ടുകൂടാതായി അവൻ എന്നെ കുഠം പിടിച്ച പട്ടിയെപ്പോലെ ആട്ടിപ്പായിച്ചു."

(എസ്. കെ പൊറ്റക്കാട് – ഞാൻ കഥാകാരനായ കഥ)

സ്ത്രിയുടെ സ്നേഹത്തെയും ത്യാഗത്തേയും പ്രകീർത്തിക്കുന്ന ഇരു സന്ദർഭങ്ങളും

വിലയിരുത്തി വനിതാ ദിനത്തിൽ അവതരിപ്പിക്കാൻ 'കുടുംബബന്ധങ്ങളെ കെട്ടിപ്പടുക്കുന്നതിൽ സ്ത്രീകൾ വഹിക്കുന്ന പങ്ക് എന്ന വിഷയത്തിൽ ഒരു പ്രസംഗം തയ്യാറാക്കുക

സ്കോർ - 6 സമയം - 14 മിനിട്ട്

മൂല്യനിർണയ സൂചകങ്ങൾ

- ★ ആശയം
- ★ പ്രസംഗത്തിന്റെ ഘടന പാലിച്ചു.
- ★ ഉചിതമായ ഭാഷയിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്

**അധിക ചോദ്യങ്ങൾ**

1. ഈ കഥയ്ക്ക് ഒരു അനുബന്ധം കൂടിയുണ്ട്. കഴിഞ്ഞവർഷം ഞാൻ ആ മകനെ കോഴിക്കോട്ടുവെച്ച് കണ്ടുമുട്ടുകയുണ്ടായി. എഴുത്തുകാരൻ പറയുന്ന അനുബന്ധം എത്രമാത്രം പ്രാധാന്യമർഹിക്കുന്നു. പ്രതികരണക്കുറിപ്പ് തയ്യാറാക്കുക

2. "വേദന വേദന ലഹരിപിടിക്കും
വേദന ഞാനതിൽ മുഴുകട്ടെ
മുഴുകട്ടെ മമ ജീവനിൽ
നിന്നൊരു മുരളീ മൃദുരവമൊഴുകട്ടെ"

(ചങ്ങമ്പുഴ - മനസ്വിനി)

"അവർ കണ്ണീരിൽക്കലർത്തി പറഞ്ഞ കഥ എന്നെ വികാരപരവശനാക്കി"

(എസ്. കെ പൊറ്റക്കാട് - ഞാൻ കഥാകാരനായ കഥ)

കാവ്യരചനയുടെ മുഹൂർത്തത്തിൽ കവി അനുഭവിക്കുന്ന വേദന തന്നെയല്ലേ എസ്. കെ പൊറ്റക്കാടിനുമുണ്ടായത്. രണ്ട് എഴുത്തനുഭവങ്ങളും എത്രമാത്രം ചേർന്നു നിൽക്കുന്നുവെന്ന് വിലയിരുത്തുക

## അശ്വമേധം

**പഠനനേട്ടം** - കവിതകൾ വായിച്ച് ആസ്വാദനം എഴുതുന്നതിന്, അശ്വമേധമെന്ന കവിതയിൽ കവിയുടെ നിലപാടുകളിലൂന്നിയ വരികൾ കണ്ടെത്തി പ്രദർശിപ്പിക്കുന്നു.

★ വിശ്വസംസ്കാര വേദിയിൽ പുത്തനാ-
മശ്വമേധം നടത്തുകയാണ് ഞാൻ

★ ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ

★ ഈ യുഗത്തിന്റെ സാമൂഹ്യശക്തി ഞാൻ
മായുകില്ലെന്റെ ചൈതന്യ വീചികൾ

മുകളിൽ കൊടുത്തിരിക്കുന്ന വരികളിൽ തെളിയുന്ന കവിയുടെ കാഴ്ചപ്പാടുകൾ വിശകലനം ചെയ്യുന്നതിന് ചോദ്യങ്ങൾ ചോദിക്കുന്നു.

- ★ കവി നടത്തുന്ന അശ്വമേധം എന്താണ്
- ★ സർഗ്ഗശക്തിയെക്കുറിച്ചുള്ള കവിയുടെ സാമൂഹ്യകാഴ്ചപ്പാടെന്താണ്.

★ 'പച്ചമണ്ണിൻ മനുഷ്യത്വമെന്ന' പ്രയോഗത്തിലൂടെ കവി അർത്ഥമാക്കുന്നതെന്ത്?

ചോദ്യം :- മുകളിൽ കൊടുത്ത വരികളിൽ തെളിയുന്ന കവിയുടെ കാഴ്ചപ്പാടുകൾ വിശകലനം ചെയ്യുക

സ്കോർ : 4 സമയം : 8 മിനിട്ട്

മൂല്യനിർണ്ണയ സൂചകങ്ങൾ

- ★ വരികളുടെ ആശയം കണ്ടെത്തിയിട്ടുണ്ട്.
- ★ ആസ്വാദനാംശങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്
- ★ ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്

അധികചോദ്യങ്ങൾ

1. അക്കുളമ്പടിയേറ്റു വീണുപോയ്
അത്രയേറെബ്ഭരണകൂടങ്ങളും

ഈ വരികളിലൂടെ കവി നൽകുന്ന രണ്ട് സൂചനകളെന്തെല്ലാം? 2

2. നിങ്ങൾ കണ്ടോ ശിരസ്സുയർത്തിപ്പായു-

മെൻകുതിരയെ, ചെമ്പൻ കുതിരയെ

'അശ്വമേധമെന്ന' എന്ന കവിതയിലെ അശ്വം (കുതിര)എന്തിന്റെയൊക്കെ പ്രതീകങ്ങളാണ്? അതിന്റെ സവിശേഷതകളെന്തെല്ലാമാണ്? 4

3. എപ്പോഴെങ്കിലും ഒരു നല്ല കടലാസ് കണ്ടെത്തിയാൽ എനിക്ക് വലിയ സന്തോഷം തോന്നു. ഞാനത് നിവർത്തി വായിക്കാൻ തുടങ്ങുമ്പോഴേക്കും ശാന്തമുത്തശ്ശി ഉറക്കെ വിളിച്ചുപറയും. എന്താ നീ വായിക്കണത് ? അതിങ്ങുതാ.

ലിംബാളെയുടെ ഈ മനോഭാവം ഇന്നത്തെ കുട്ടികളിൽ പ്രകടമാണോ ? സ്വാഭിപ്രായം വ്യക്തമാക്കുക. 4

# കേരളപാഠാവലി - യൂണിറ്റ് ടെസ്റ്റ്
## യൂണിറ്റ് -4 വാക്കുകൾ സർഗ്ഗതാളങ്ങൾ

സ്കോർ : 20

സമയം : 45 മി

1. എൻപ്രിയ സോദരരേ
അടിമവേലകൾ ചെയ്ത്
ഇടയില്ലാതടിയേറ്റു
കഷ്ടപ്പെട്ടു വലഞ്ഞേ - അടിമവേലകൾ എന്ന പദത്തിന്റെ ശരിയായ വിഗ്രഹം? 1
(അടിമയാകുന്ന വേല : അടിമചെയ്യുന്ന വേലകൾ
അടിമയും വേലയും : അടിമയുടെ വേലകൾ)

2. "എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പത് രൂപയെക്കാൾ എത്രയോ വലുതായിരുന്നു." ഇവിടെ ലഭ്യമാകുന്ന അനുഭവാവസ്ഥ ? 1

1. ആത്മവിശ്വാസം 3. ആത്മരോദനം
2. ആത്മപ്രശംസ 4. ആത്മവഞ്ചന

3. "ഞങ്ങളുടെ വിശപ്പും വയറും മാത്രമല്ല ഞങ്ങളേയും ത്രാസിൽ വെച്ച തൂക്കിനോക്കണം.ദിവസം മുഴുവനും അലഞ്ഞുനടന്ന് വാരിക്കൂട്ടുന്ന ചവറിന്റെ തൂക്കവും വിലയുമെങ്കിലുമുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക്." ലിംബാളയുടെ ഈ വാക്കുകളിൽ തെളിയുന്ന സാമുഹ്യാവസ്ഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക 4

4. "ഒരു കണ്ണീർക്കണം മറ്റുള്ളവർക്കായ് പൊഴിക്കവേ ഉദിക്കയാണെന്നാത്മാവിലായിരം സൗരമണ്ഡലം" - അക്കിത്തം

pdfelement

ഞാൻ കഥാകാരനായ കഥ എന്ന പാഠഭാഗത്തിന്റെ ആശയവുമായി യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം കുറിക്കുക? 4

5. അനിയന്ത്രിതമായ വികാരങ്ങളുടെ കുത്തൊഴുക്കാണ് കവിത എന്ന നിർവചനം പാബ്ളോ നിരുദയുടെ കവിതാഭാഗവുമായി ഇണങ്ങുന്നുണ്ടോ? പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക 4

"കവിത വന്നണഞ്ഞത്
എനിക്കറിയില്ല
എവിടെ നിന്നാണത് വന്നെത്തിയ-
തെന്നെനിക്കറിയില്ല
കുളിർത്തു വിറയ്ക്കുന്ന ശിശിരത്തിൽ നിന്നോ
പതഞ്ഞൊഴുകുന്ന നദിയിൽ നിന്നോ"

(പാബ്ലോ നെരുദ)

6. ഈ യുഗത്തിന്റെ സാമുഹ്യശക്തി ഞാൻ
മായുകില്ലെന്റെ ചൈതന്യവീചികൾ!
ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ!

മനുഷ്യസ്നേഹത്തിലധിഷ്ഠിതമായ സാഹിത്യരചനയെക്കുറിച്ചാണ് കവി പ്രഖ്യാപിക്കുന്നത്. കവിതയിലെ ആശയങ്ങൾ ഉൾക്കൊള്ളിച്ച് കവിതയുടെ സാമുഹിക പ്രബുദ്ധത എന്ന വിഷയത്തിൽ ഒരു പ്രഭാഷണം തയ്യാറാക്കുക. 6

## യൂണിറ്റ് 5 - കലകൾ കാവ്യങ്ങൾ

## പാഠം - ഉരുളക്കിഴങ്ങ് തിന്നുന്നവർ

പഠനനേട്ടം - കഥകൾ വായിച്ചാസ്വദിച്ച് അതിലെ രചനാപരവും ഭാഷാപരവും വൈകാരികവുമായ തലങ്ങൾ തിരിച്ചറിഞ്ഞ് വിവിധ രചനകളിലേർപ്പെടുന്നതിന്.

പ്രക്രിയ

**ചർച്ച - "മൊണാലിസ" ചിത്രം കാണിക്കുന്നു. ചിത്രവായന നടത്തുന്നു.**

**കുറിപ്പ് - കണ്ടെത്തലുകൾ കുറിപ്പാക്കുന്നു.**

**സുഭാഷ് ചന്ദ്രന്റെ ചിത്രവായനയാണ് ഉരുളകിഴങ്ങ് തിന്നുന്നവർ**

**ചിത്രവായന - പാഠഭാഗത്തെ ചിത്രത്തിൽ നിന്ന് ജൂലിയാനയെ കണ്ടെത്തുന്നു**

ചിത്രവായന

ഈ കഥാപാത്രത്തെ സുഭാഷ്ചന്ദ്രൻ എങ്ങനെ വായിച്ചിരിക്കുന്നു.

കണ്ടെത്തൽ - പാഠഭാഗത്തു നിന്ന് കണ്ടെത്തുന്നു.

കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ചോദ്യം

"കണ്ടോ അച്ഛാ?" വായിൽ നിന്ന് നീരാവിയുടെ ഒരു ചെറിയ മേഘത്തെ തുറന്നുവിട്ടുകൊണ്ട് ജൂലിയാന ചോദിച്ചു.

അന്നയുടെ മുഖത്തു നോക്കി ജൂലിയാന അകമടങ്ങി നിന്നു.

അവൾ മനസ്സിൽ ഉരുകി ഖനികളിൽ പണിയെടുക്കുന്നവർക്ക് ഒരു അപകടവും വരുത്തരുതേ .........

പ്രതീക്ഷയും നിരാശയും നിറഞ്ഞ അന്തഃസംഘർഷത്തിലൂടെയാണ് ജൂലിയാന കടന്നുപോകുന്നത്. ജൂലിയാന എന്ന കഥാപാത്രത്തിന്റെ മാനസിക സംഘർഷങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

മാർക്ക് : 4 സമയം : 8 മിനിട്ട്

**മൂല്യനിർണ്ണയ സൂചകങ്ങൾ**

- ★ കഥാപാത്രത്തിന്റെ ജീവിത പശ്ചാത്തലം തിരിച്ചറിയുന്നു.
- ★ ആത്മസംഘർഷം കണ്ടെത്തുന്നു.
- ★ ഉചിതമായ ഭാഷ

**അധികചോദ്യങ്ങൾ**

വിൻസെന്റ് വാൻഗോഗിന്റെ ഉരുളകിഴങ്ങ് തിന്നുന്നവർ എന്ന ചിത്രത്തിലെ കഥാപാത്രങ്ങളുടെ ജീവിതയാതനയും ദാരിദ്ര്യവും തീഷ്ണമായി അനുഭവപ്പെടുത്തുകയാണ് സുഭാഷ് ചന്ദ്രൻ തന്റെ ചെറുകഥയിലൂടെ — സ്വാഭിപ്രായം വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക

1. ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു. തീക്കനൽ എന്ന പ്രയോഗത്തിൽ അടങ്ങിയിരിക്കുന്നത്

- ★ കുറ്റബോധം
- ★ ദുഃഖം
- ★ തീപ്പൊരി
- ★ അപകർഷതാബോധം

## പാഠം : ചിത്രകലയും കാവ്യകലയും

പഠനനേട്ടം : ശില്പങ്ങൾ, ചിത്രങ്ങൾ എന്നിവയുടെ കലാപരമായ പ്രാധാന്യം മനസ്സിലാക്കുന്നു. ചിത്രകലയും കാവ്യകലയും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു.

**പ്രക്രിയ : ചിത്രം പ്രദർശിപ്പിക്കുന്നു (ഉരുളക്കിഴങ്ങ് തിന്നുന്നവർ, രവിവർമ്മ ചിത്രങ്ങൾ )**

കവിത - വാങ്മയചിത്രം (ബന്ധനസ്ഥനായ അനിരുദ്ധൻ) (ആലസ്യമാണ്ട മുഖ....) പ്രദർശിപ്പിക്കുന്നു.

സാമ്യവിത്യാസങ്ങൾ കണ്ടെത്തൽ

**ചർച്ച**

**ക്രോഡീകരണം**

**ചിത്രം** -
- ഭാഷാതീതം
- ഭാഷ സാർവ്വജനീനം
- ചട്ടക്കൂടിൽ ഒതുങ്ങുന്നു
- ചലനരഹിതം
- കാലഗതിക്ക് അതീതമായി
- പാത്രങ്ങൾ നിലകൊള്ളുന്നു
- കാലചിത്രീകരണത്തിന് പരിമിതിയുണ്ട്
- ഒരേ ഒരു നിമിഷം മാത്രമേ ചിത്രീകരിക്കാൻ കഴിയു

**കാവ്യം** -
- ഭാഷാധിഷ്ഠിതം
- വ്യക്തി ഭാവനയ്ക്ക് അനുസൃതമായി വളരുന്നു
- ചലനാത്മകം
- അവതരണത്തിൽ കാലപരിമിതിയില്ല
- ചിത്രങ്ങൾ കാലപരിണാമം അനുസരിച്ച് വൃദ്ധിക്ഷയങ്ങൾ പ്രാപിക്കുന്നു.

**ചോദ്യം** - ചിത്രകലയിൽ നിന്ന് കാവ്യകല എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക ?

മാർക്ക് - 6 സമയം : 14 മിനിട്ട്

**വിലയിരുത്തൽ സൂചകങ്ങൾ** -

-ചിത്രകല കാവ്യകല എന്നിവയുടെ സാമ്യവ്യത്യാസങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

-തിരിച്ചറിഞ്ഞ കാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്.

-തെളിവും ലാളിത്യവുമുള്ള ഭാഷ

-സ്വാഭിപ്രായം വ്യക്തമാക്കിയിട്ടുണ്ട്

**അധികചോദ്യം**

1. കവിക്ക് ദൃശ്യലോകവും അദൃശ്യലോകവും ഒന്നുപോലെ സ്വാധിനമാണ്. എം. പി പോളിന്റെ ഈ നിരീക്ഷണത്തെ ഉദാഹരണസഹിതം സാധൂകരിക്കുക? 4

2. ഉപകരണവിശേഷം കൊണ്ട് ചിത്രകലയ്ക്ക് സംഭവിച്ചിട്ടുള്ള ഒരു ന്യൂനതയായി എം. പി പോൾ ഉയർത്തികാട്ടുന്നത് ? 1

(സർഗവൈഭവമില്ലായ്മ, കാലപരിമിതി, ആസ്വാദകന് മനസ്സിലാകാനുള്ള ബുദ്ധിമുട്ട്, ഭാഷാതീതസംവേദനത്വം)

3. കാവ്യത്തിലെ പാത്രങ്ങൾ കാലപരിണാമമനുസരിച്ച് വൃദ്ധിക്ഷയങ്ങൾ പ്രാപിക്കുമ്പോൾ ചിത്രകാരന്റെ പാത്രം കാലഗതിക്കതീതമായി നിലകൊള്ളുന്നു
അടിവരയിട്ട പദത്തെ ഘടകപദങ്ങളാക്കുക 1

4. കരുണാമയമായ ചരിത്രമുഹൂർത്തത്തിന് എക്കാലത്തുമുള്ള മനുഷ്യർ ഒരുപോലെ ദൃക്സാക്ഷിയാവുകയാണ് 'പിയാത്തെ' എന്ന ശില്പദർശനത്തിലൂടെ ഈ നിരീക്ഷണത്തോടുള്ള നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുക 4

## പാഠം - മൈക്കലാഞ്ജലോ മാപ്പ്

**പഠനനേട്ടം** – ചിത്രങ്ങൾ, ശില്പങ്ങൾ എന്നിവയുടെ കലാപരമായ പ്രാധാന്യം മനസ്സിലാക്കുന്നു. വേദനാജനകമായ സംഭവങ്ങളും മികച്ച കലാസൃഷ്ടിക്ക് പ്രേരണയാകാം എന്ന ആശയ ധാരണയുണ്ടാകുന്നു.

**പ്രക്രീയ**

ചിത്രം കാണിക്കുന്നു (പ്രൊജക്ടർ)

ഭീകരാക്രമണം (വേൾഡ് ട്രേഡ് സെന്റർ) താജ്, മുംബൈ സൃഷ്ടികൾ തകർക്കപ്പെടുന്ന അവസ്ഥ

- ചർച്ച
- ഈ ആശയം വരുന്ന പാഠഭാഗം
- മൈക്കലാഞ്ജലോ മാപ്പ്
- കവിതയിൽ സൂചിപ്പിക്കപ്പെട്ട തകർക്കപ്പെട്ട ശില്പം
- പിയാത്ത
- തുടർന്ന് ചോദ്യം

**ചോദ്യം** – ശില്പനിർമ്മാണവും ശില്പ ഭഞ്ജനവും മൈക്കലാഞ്ജലോ മാപ്പ് എന്ന കവിതയിൽ കവി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ? കുറിപ്പ് തയ്യാറാക്കുക. 4

**മൂല്യനിർണ്ണയ സൂചകങ്ങൾ** –

★ സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്
★ ആശയം കണ്ടെത്തിയിട്ടുണ്ട്
★ ഉചിതമായ ഭാഷ

**ചെറുചോദ്യങ്ങൾ**

1. പിയാത്തെ എന്ന ശില്പം ലോകത്തിന് നൽകുന്ന സന്ദേശം 1

★ പരിഗണനയുടെ
★ സ്നേഹത്തിന്റെ
★ കാരുണ്യത്തിന്റെ
★ മാതൃത്വത്തിന്റെ

2. കുളിർ വെണ്ണക്കല്ലിനു മീതെ കരിവണ്ടാകുന്നത് 1

(ഉളി, ചുറ്റിക, വെണ്ണക്കല്ല്, ശില്പി)



pdfelement

## കേരളപാഠാവലി - യൂണിറ്റ് ടെസ്റ്റ്

### യൂണിറ്റ് -5 കലകൾ കാവ്യങ്ങൾ

സ്കോർ : 20

സമയം : 45 മി

1. മണ്ണെണ്ണവിളക്ക് വിഗ്രഹിച്ചെഴുതുമ്പോൾ - 1

മണ്ണെണ്ണ നിന്ന വിളക്ക്

മണ്ണെണ്ണയുടെ വിളക്ക്

മണ്ണെണ്ണകൊണ്ട് കത്തുന്ന വിളക്ക്

മണ്ണെണ്ണകൊണ്ടുള്ള വിളക്ക്

2. ജ്വലിച്ച കൺകൊണ്ടൊരു നോക്കുനോക്കി 1

പാർശ്വസ്ഥനാകും പതിയോടുരച്ചു

ജ്വലിച്ച കൺ എന്ന പ്രയോഗത്തിലടങ്ങിയിരിക്കുന്നത്

- കണ്ണുകളിലെദേഷ്യം
- കണ്ണിന്റെ തിളക്കം
- കണ്ണുകളിലെ സ്നേഹം
- കണ്ണിന്റെ ചുവപ്പുനിറം

3. "വർത്തമാനകാല മാധ്യമസംസ്ക്കാരത്തോടുള്ള ശക്തമായ പ്രതിഷേധം കൂടി മൈക്കലാഞ്ചലോമാപ്പ് എന്ന കവിതയിൽ കാണാം" സന്ദർഭം ചൂണ്ടിക്കാട്ടി സ്വാഭിപ്രായം വ്യക്തമാക്കുക 4

4. നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക

- ആണിപറിഞ്ഞ് നിലം പൊത്താറായ കൊച്ചുമേശ
- കൂറമണം കുതിർന്ന കുപ്പായം
- ഭക്ഷണത്തിന് ഉരുളക്കിഴങ്ങ് മാത്രമുള്ള അവസ്ഥ

ഈ സൂചനകളിലൂടെ ദാരിദ്ര്യം ശക്തമായി ആവിഷ്കരിച്ചിരിക്കുന്നു; ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന കഥയിലെ ഇതര സൂചനകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക 4

5. സമകാലികലോകത്തിൽ കലയും സംസ്കാരവും പലവിധ വെല്ലുവിളികളും നേരിട്ടുകൊണ്ടിരിക്കുകയാണ്. മൈക്കലാഞ്ചലോമാപ്പ് എന്ന കവിതയുടെ പശ്ചാത്തലത്തിൽ പ്രസ്താവന വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക. 4

6. ഏതു കലയ്ക്കാണ് മേന്മ എന്നുള്ളത് ഒരു തീരാപവാദമാണ്. സാഹിത്യത്തിനാണ് ഉത്കർഷമെന്ന് സാഹിത്യകാരൻ പറയും. ചിത്രകലയ്ക്കാണ് മേന്മകൂടുതലെന്ന് ചിത്രകാരനും പറയും -

സാഹിത്യകലയും ചിത്രകലയും ഒരുപോലെ ആസ്വദിക്കുന്നയാൾ എന്ന നിലയിൽ ഈ രണ്ടു കലകളുടെയും മേന്മകൾ ചൂണ്ടിക്കാട്ടി ഉപന്യാസം തയ്യാറാക്കുക 6

## യൂണിറ്റ് 1 ജീവിതം പടർത്തുന്ന വേരുകൾ

പാഠം - ഓരോ വിളിയും കാത്ത്

പഠനനേട്ടം - വിവിധ സാഹിത്യ കൃതികളിൽ പ്രതിഫലിക്കുന്ന സാമൂഹികജീവിതം, ഭാഷ എന്നിവയുടെ പ്രത്യേകതകൾ വിശകലനം ചെയ്യുന്നു

പ്രക്രിയ - "നാട്യപ്രധാനം നഗരം ദരിദ്രം

നാട്ടിൻപുറം നന്മകളാൽ സമൃദ്ധം"

നാട്ടിൻപുറത്തെ നന്മകൾ എന്തൊക്കെ ?

(ഗ്രാമ നഗര ചിത്രം പ്രദർശിപ്പിക്കാം)

**ചർച്ച**

**ക്രോഡീകരണം** - പച്ചപ്പ്, ശാന്തത, കാപട്യമില്ലായ്മ, ജീവജാലങ്ങൾ, കൃഷിയിടങ്ങൾ, നല്ല മനുഷ്യർ .... തുടർന്ന് പാഠഭാഗത്ത് ഗ്രാമത്തെ സൂചിപ്പിക്കുന്ന ഭാഗം കണ്ടെത്തുന്നു. അത് ഉൾക്കൊള്ളുന്ന ചോദ്യം

**ചോദ്യം** - "നെന്റെ വീട്ടിലിരുന്നാൽ കൂമൻ മൂളുന്ന ഒച്ച കേക്കോ നീയ് .....

ഇല്ലഛമ്മേ ഒന്നും കേക്കില്ല, ടീവീന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റൂ"

pdfelement

യു. കെ കുമാരൻ

"ഏത് ധൂസര

സങ്കൽപങ്ങളിൽ വളർന്നാലും

ഏത് യന്ത്രവൽകൃത

ലോകത്തിൽ പുലർന്നാലും

മനസ്സിലുണ്ടാകട്ടെ ഗ്രാമത്തിൻ

വെളിച്ചവും, മണവും മമതയും

ഇത്തിരിക്കൊന്നപ്പൂവും"

വൈലോപ്പിള്ളി

പാഠഭാഗവും വൈലോപ്പിള്ളി കവിതയിലെ ഗ്രാമജീവിത സങ്കല്പവും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക ?

മാർക്ക് 4 സമയം 8 മിനിട്ട്

**മൂല്യനിർണ്ണയ സൂചകങ്ങൾ -**

★ സന്ദർഭങ്ങൾ തിരിച്ചറിഞ്ഞ് ആശയം വ്യക്തമാക്കിയിട്ടുണ്ട്.

★ താരതമ്യം ചെയ്തിട്ടുണ്ട്.

★ സമകാലിക വിഷയം അവതരിപ്പിച്ചിട്ടുണ്ട്.

അധികചോദ്യങ്ങൾ

1. വീട്ടിലെ സജീവ സാന്നിദ്ധ്യമായിരുന്ന അച്ഛന്റെ ഓർമ്മകളാണ് "ഓരോ വിളിയും കാത്ത്" എന്ന കഥയുടെ ആത്മാവ്. - കഥയിൽ നിന്ന് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക 4

2. "ഇപ്പോൾ ഇതൊരു വീടല്ല. നീണ്ട വരാന്തകളും വെണ്മയാർന്ന ചുമരുകളും വലിയ ജനലുകളും വാതിലുകളുമെല്ലാം ഉണ്ടെങ്കിൽപ്പോലും ഇതൊരു വീടാവുന്നില്ല." സ്നേഹ ബന്ധങ്ങളുടെ ആഴമാണ് വീടിനെ വീടാക്കുന്നത് സ്വാഭിപ്രായം തയ്യാറാക്കുക. 4

## ജീവിതം പടർത്തുന്ന വേരുകൾ

### പാഠം - പ്ലാവിലക്കഞ്ഞി

**പ്രതീക്ഷിത പഠനനേട്ടം** - വിവിധ സാഹിത്യ കൃതികളിൽ പ്രതിഫലിക്കുന്ന സാമുഹികജീവിതം, ഭാഷ എന്നിവയുടെ പ്രത്യേകതകൾ വിശകലനം ചെയ്ത് എഴുതുന്നു

**പ്രക്രിയ** - പത്രവാർത്ത / ചിത്രങ്ങൾ

അടിമക്കച്ചവടം, പഴയകേരള സാമൂഹിക ചിത്രങ്ങൾ ഇവയിൽ ചിലത് കാണിക്കുന്നു

**ചർച്ച** - അന്നത്തെ സാമൂഹികജീവിതം (വാഴക്കുല) മനുഷ്യൻ രണ്ടു തട്ടിൽ അടിമ / ഉടമ, ജന്മി / കുടിയാൻ, ഉയർന്നവൻ/താഴ്ന്നവൻ, ജാതീയത, തൊട്ടുകൂടായ്മ വിവേകാനന്ദന്റെ പ്രസ്താവനയോടെ ക്രോഡീകരണം

"കേരളം ഭ്രാന്താലയം"

**ക്രോഡീകരണം** - ജന്മി കുടിയാൻ വ്യവസ്ഥയും ജാതീയതയും നടമാടിയ ഇടമായിരുന്നു കേരളം. ഈ വസ്തുതകളുടെ നേർച്ചിത്രം തരുന്ന പാഠഭാഗത്തിലെ വരികൾ ഏത്? രണ്ടിടങ്ങഴി / പ്ലാവിലക്കഞ്ഞി കോരൻ പ്രതിനിധാനം ചെയ്യുന്ന സമൂഹം നേരിടുന്ന പ്രശ്നങ്ങൾ - തുടർന്ന് ചോദ്യത്തിലേക്ക്

**ചോദ്യം** - "സാമൂഹിക ജീവിതത്തിന്റെ നേർചിത്രമാണ് സാഹിത്യകൃതികളിൽ പ്രതിഫലിക്കുന്നത്." 'പ്ലാവിലക്കഞ്ഞി' എന്ന പാഠഭാഗം വിലയിരുത്തി മേൽ സൂചിപ്പിച്ച നിരീക്ഷണം വിശകലനം ചെയ്യുക?

മാർക്ക് - 4 സമയം 8 മിനിട്ട്

**മൂല്യനിർണയ സൂചകങ്ങൾ** -

★ സാമുഹിക പ്രശ്നം തിരിച്ചറിയുന്നു.

★ ആശയവ്യക്തതയോടെ അവതരിപ്പിക്കുന്നു.

★ ഉചിതമായ ഭാഷ

**അധിക ചോദ്യങ്ങൾ**

1. വൃദ്ധൻ പറഞ്ഞു

"മുഴക്കരിയിട്ട് തെളപ്പിച്ചു

ഏനാ അത് കുടിച്ചത്, അവള് കുടിച്ചില്ല

ഏന് കോരിക്കോരിത്തന്നു

ചിരുത കൃതകൃത്യയായി, അച്ഛൻ ചുമ്മാ പറയുവാ ഏനും കുടിച്ചു"

വിശപ്പിനെയും ഇല്ലായ്മകളെയും പരസ്പര സ്നേഹം കൊണ്ട് അതിജീവിക്കുന്നവരുടെ കഥയാണ് പ്ലാവിലക്കഞ്ഞി. സ്വാഭിപ്രായം വിശദമാക്കുക? 4

2. "എടി കള്ളീ! നീയത് ഒളിച്ചു മച്ചിരുന്നോ

എന്തിനായിത് ? നാഴി അരി അല്യോ മച്ചൊള്ളു?

നീയും കുടി" ഗ്രാമ്യഭാഷയുടെ പ്രയോഗം കഥയ്ക്ക് നൽകുന്ന തീവ്രത വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക

4

**പാഠം - അമ്മത്തൊട്ടിൽ**

**പ്രതീക്ഷിത പഠനനേട്ടം** - പുതിയകാലത്തെ കാവ്യഭാഷ തിരിച്ചറിഞ്ഞ് വ്യാഖ്യാനിക്കുകയും നൂതന സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യുന്നു.

**പ്രക്രിയ** - പത്രവാർത്ത - 'ഗുരുവായൂർ നടയിൽ അമ്മയെ ഉപേക്ഷിച്ച് മകൻ മുങ്ങി' 'യജമാനനെ തേടി ഒരു മാസം ആശുപത്രിവരാന്തയിലിരുന്ന നായ'

**ചർച്ച** - അമ്മ - മുറിച്ചു മാറ്റാൻ കഴിയാത്ത ബന്ധം

നന്മ വറ്റുന്ന പുതുകാലം

സ്വാർത്ഥത

**ക്രോഡീകരണം** - മൃഗങ്ങൾക്കുള്ള സ്നേഹം പോലും മനുഷ്യനില്ല

കവിതയിൽ ഈ സന്ദർഭം സൂചിപ്പിക്കുന്ന ഭാഗം കണ്ടെത്തുന്നു. തുടർന്ന്

**ചോദ്യം** - "ഇപ്പെരും മാളിന്റെ (ഇപ്പെരുമാളിന്റെ)

തൊട്ടടുത്തായിട്ടിറക്കിയാലെന്നോർത്തു

പെറ്റു കിടക്കും തെരുവുപട്ടിക്കെന്തൊ-

രൂറ്റം, കൂരച്ചത് ചാടിക്കുതിക്കുന്നു."

പത്രവാർത്തകളെ മുൻനിർത്തി വരികൾ വിലയിരുത്തി പ്രതികരണക്കുറിപ്പ് തയ്യാറാക്കുക?

മാർക്ക് - 4 സമയം 8 മിനിട്ട്

**മൂല്യനിർണയ സൂചകങ്ങൾ**

★ ആശയ വ്യക്തത

★ സമകാലിക പ്രസക്തി

★ ഉചിതമായ ഭാഷ

അധികചോദ്യങ്ങൾ -

1. കണ്ണുകൾ മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണമായ്

അമ്മയുടെ കണ്ണുകളെ പിഞ്ഞാണവർണ്ണം എന്ന് വിശേഷിപ്പിച്ചതിന്റെ ഔചിത്യമെന്ത് ? 4

2. വാർദ്ധക്യം ഒറ്റപ്പെടലല്ല, മറിച്ച് സ്നേഹപരിചരണങ്ങളുടെ വിശ്രമവേളയാണ്. അമ്മത്തൊട്ടിൽ എന്ന കവിതയെ മുൻനിർത്തി ഈ പ്രസ്താവനയോടുള്ള പ്രതികരണക്കുറിപ്പ് തയ്യാറാക്കുക ? 4

pdfelement

യൂണിറ്റ് ടെസ്റ്റ് - അടിസ്ഥാന പാഠാവലി

യൂണിറ്റ് - 1 ജീവിതം പടർത്തുന്ന വേരുകൾ

സ്കോർ - 20 സമയം - 45 മിനിട്ട്

1. തകഴിയുടെ നോവൽ അല്ലാത്തത് ഏത് 1

കയർ, രണ്ടിടങ്ങഴി, രണ്ടാമൂഴം, ഏണിപ്പടികൾ

2. ചോദ്യത്തിനു മറുപടിയായി പറഞ്ഞു മൂപ്പരു പോയി ഈ വാക്കുകൾ സൂചിപ്പിക്കുന്നത് 1

അച്ഛൻ യാത്രപോയി

അച്ഛൻ മരിച്ചുപോയി

അച്ഛൻ വീണുപോയി

അച്ഛൻ പുറപ്പെട്ടുപോയി

3. 'അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ് ! ഒരു തരത്തിലും ആ തെറ്റ് ന്യായീകരിക്കാവുന്നതല്ല.' കോരൻ ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്? 4

4. 'പീളയടിഞ്ഞ് നിറം പോയ കണ്ണുക-

ളെന്തേയടയ്ക്കാതെ വച്ചമ്മ നിർദയം'

അമ്മ കണ്ണുകളടയ്ക്കാതെ വച്ചത് എന്തുകൊണ്ടാവാം 4

5. "ഇവിടെ അമ്മയെ തനിച്ചു നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ"

മകൻ അമ്മയെ നഗരത്തിലേക്ക് വിളിക്കാൻ കാരണമെന്ത്? 4

6. മനുഷ്യബന്ധങ്ങളുടെ ആഴം ചിത്രീകരിക്കുന്ന പാഠങ്ങളാണ് പ്ലാവിലക്കഞ്ഞി, ഓരോ വിളിയും കാത്ത് അമ്മത്തൊട്ടിൽ എന്നിവ 'ആധുനിക കാലഘട്ടത്തിൽ കുടുംബബന്ധങ്ങളുടെ പ്രാധാന്യം' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഉപന്യാസം തയ്യാറാക്കുക. 6

pdfelement

യൂണിറ്റ് - 2 നിലാവു പെയ്യുന്ന നാട്ടുവഴികൾ

★ കൊച്ചുചക്കരച്ചി
★ ഓണമുറ്റത്ത്
★ കോഴിയും കിഴവിയും
★ ശ്രീനാരായണ ഗുരു

**പ്രവർത്തനം 1.**

**പഠനനേട്ടം :** ആശയങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുന്നതിന്

**'കടലിന്റെ മക്കൾ കേരളത്തെ കൈപിടിച്ചു കയറ്റി'**

പത്രവാർത്ത ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

**ചർച്ച സൂചകങ്ങൾ**

★ ഈ വാർത്ത നമ്മോടു പറയുന്നതെന്ത്?
★ അവർ എന്തെല്ലാം കാര്യങ്ങൾ ചെയ്തു ?
★ സമൂഹത്തിന് എന്ത് സന്ദേശമാണ് നല്കുന്നത്

**- വാർത്ത കുട്ടികളെകൊണ്ട് വായിപ്പിക്കുന്നു.**

**- ചർച്ച**

**-വിശകലനം - അവതരണം**

**- ചർച്ചയിൽ രൂപപ്പെട്ട ആശയങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.**

മനസ്സിന്റെ നന്മയാണ് പ്രകടിപ്പിക്കുന്നത് ഗ്രാമീണതയുടെ വിശുദ്ധിയും മനസ്സിന്റെ നന്മയും സാഹിത്യത്തിന് വിഷയമാകാറുണ്ട്. കർമ്മമണ്ഡലത്തിലെ നിസ്വാർത്ഥമായ സമീപനമാണ് സേവനം എന്നതുകൊണ്ട് അർത്ഥമാകുന്നത്

തുടർന്ന്

"നാടായാലും കാടായാലും
കുഴിയായാലും കുന്നായാലും
നല്ലവർ പാർക്കുന്നെങ്കിൽ
നീയും നന്നേ, വാഴുക നിലമേ"

(പുറനാനൂറ് - ഔവയാർ)

**വരികൾ പ്രദർശിപ്പിക്കുന്നു. വായന - വ്യക്തിഗതം**

**ചോദ്യം :** - മുകളിൽ കൊടുത്ത പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ഔവയാറിന്റെ വരികളുടെ സാധുത പരിശോധിച്ച് പ്രതികരണം തയ്യാറാക്കുക.

സ്കോർ - 4 സമയം - 8 മിനിട്ട്

**മൂല്യനിർണയ സൂചകങ്ങൾ**

★ ആശയം കണ്ടെത്തിയിട്ടുണ്ട്.
★ വിശകലനം ചെയ്തിട്ടുണ്ട്.
★ സ്വാഭിപ്രായം രൂപീകരിച്ചിട്ടുണ്ട്.
★ ഉചിതമായ ഭാഷ

**പ്രവർത്തനം 2**

**പഠനനേട്ടം :** ജീവിതാവസ്ഥകൾക്ക് വന്ന മാറ്റം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുന്നു.

സിനിമാഗാനം കേൾപ്പിക്കുന്നു.

"മധുരിക്കും ഓർമ്മകളേ
മലർമഞ്ചൽ കൊണ്ടുവരൂ
കൊണ്ടുപോകൂ ഞങ്ങളെ -
യാമാഞ്ചുമട്ടിൽ ....."

"ഓർമ്മകൾ ഓടിക്കളിക്കുവാനെത്തുന്ന
മുറ്റത്തെച്ചക്കര മാവിൻ ചുവട്ടിൽ
മുറ്റത്തെച്ചക്കര മാവിൻ ചുവട്ടിൽ"

- എല്ലാ കുട്ടികളേയും കൊണ്ട് ഒരുമിച്ച് ഈ ഗാനം പാടിപ്പിക്കുന്നു
- അധ്യാപിക ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു

**ചർച്ച സൂചകങ്ങൾ**

★ ഈ ഗാനങ്ങളിൽ പ്രതിഫലിക്കുന്ന ആശയം എന്താണ്
★ മാവ് മലയാളിയുടെ ജീവിതത്തെ സ്വാധിനിക്കുന്നത് എങ്ങനെയെല്ലാം?
★ ഇത്തരം മാമ്പഴക്കാലാനുഭവങ്ങൾ നിങ്ങൾക്കുണ്ടോ ?

**- കുട്ടികളുടെ പ്രതികരണം വിശകലനം ചെയ്യുന്നു - ചർച്ച വ്യക്തിഗത രചന -**

**അവതരണം**

**-ക്രോഡീകരണം** - പഴയ തലമുറയ്ക്ക് ഇത്തരം മധുരിക്കുന്ന ഓർമ്മകൾ പറയാനുണ്ട്.

**ചോദ്യം** : -"മാങ്ങ പഴുത്തു കഴിയുമ്പോഴാണല്ലോ രസം അതിന്റെ പരമോച്ച നില പ്രാപിക്കുന്നത്. കൈയ്യിൽ വച്ചൊന്നു കശക്കി ഊറികുടിച്ചാലുള്ള അമൃതരസത്തിനു മീതെ മറ്റൊന്നില്ല"

(കൊച്ചുച്ചക്കരച്ചി - എം. പി ഉദയഭാനു)

"ഒറ്റ മാമ്പഴം മുട്ടി-
ക്കുടിക്കേ വീണ്ടും വീണ്ടും
വ്യത്യസ്ത മധുരങ്ങൾ
നുണഞ്ഞതി രസനകൾ
കേവലമൊരു തുള്ളി
കിട്ടിയാൽപ്പോരും ; രസ -
രാജിയാൽ മഴവില്ലു
വിടർത്തും ജിഹ്വാഞ്ചലം
വെറുതേ മധുരിക്കും
രാസ മാധുര്യത്തിനായ്
പകരം കൊടുത്തതീ
ദിവ്യമാം രസവിദ്യ

(പി. പി. രാമചന്ദ്രൻ - മാമ്പഴക്കാലം)

ഈ കാവ്യശകലത്തിലും കൊച്ചുചക്കരച്ചി എന്ന ലേഖനത്തിലും പ്രകടമാകുന്ന ആശയങ്ങളുടെ വെളിച്ചത്തിൽ പഴയകാല രുചിയും ഇന്നത്തെ രുചി സംസ്കാരവും തമ്മിൽ താരതമ്യം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

സ്കോർ : 4 - 8 മിനിട്ട്

മൂല്യനിർണയ സൂചകങ്ങൾ

- ★ ആശയം കണ്ടെത്തി വിശകലനം ചെയ്തിട്ടുണ്ട്
- ★ കാലികപ്രാധാന്യം തിരിച്ചറിഞ്ഞിട്ടുണ്ട്
- ★ താരതമ്യം നടത്തിയിട്ടുണ്ട്
- ★ സ്വാഭിപ്രായം കണ്ടെത്തിയിട്ടുണ്ട്

പ്രവർത്തനം 3.

**പഠനനേട്ടം** : കാവ്യഭാഗം വിശകലനം ചെയ്ത് സ്വന്തം നിരീക്ഷണം സമർത്ഥിക്കുന്നതിന്

**വൈലോപ്പിള്ളി ശ്രീധരമേനോന്റെ ഓണമുറ്റത്ത് എന്ന കവിതയിലെ ഏതാനും ഭാഗം പ്രദർശിപ്പിക്കുന്നു.**

"പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു
പാട്ടാണെന്നു പഴിക്കാമിന്നു പ-
രിഷ്ക്കാരത്തിൻ തിണ്ണയിലുള്ളവർ
പഴമോടരിയും പപ്പടവും ത-
ന്നാവതു വേഗമയയ്ക്കാൻ നോക്കാം
ഇവരറിയുന്നീലെന്നഭിമാനം"

**വായന – പൊതുചർച്ച**

**ചർച്ച സൂചകങ്ങൾ**

- ★ പരിഷ്ക്കാരത്തിൻ തിണ്ണയിലുള്ളവർ ആരാണെന്നാണ് കവി പറയുന്നത്?
- ★ പഴിക്കുമ്പോഴും ഇവരറിയുന്നീലെന്നഭിമാനം എന്നു പറയാൻ കാരണം
- ★ പല്ല് കൊഴിഞ്ഞൊരു പാട്ട് എന്ന പ്രയോഗം ധ്വനിപ്പിക്കുന്നത് എന്ത്?

**ആശയ രൂപീകരണം – വ്യക്തിഗത രചന – അവതരണം**

**–ക്രോഡീകരണം**

പോയകാലത്തിന്റെ ചില ചിന്തകളാണ് കവി മുന്നോട്ടു വയ്ക്കുന്നത്. പുതുമാനവ ജീവിതത്തിന്റെ ചില ചിത്രങ്ങൾ ഇവിടെ പ്രകടമാകുന്നു. പഴയകാല ഓണം മുന്നോട്ട് വെക്കുന്ന ജീവിതം കവി പങ്കുവയ്ക്കുകയും ആധുനിക തലമുറയുടെ ഓണസങ്കല്പത്തിൽ കവി ദുഃഖിക്കുകയും ചെയ്യുന്നു.

ചോദ്യം :- തുടർന്ന് മുകളിൽ കൊടുത്ത കാവ്യസന്ദർഭം വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ 'മാറുന്ന മലയാളിയും മറക്കുന്ന ഓണവും' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക

സ്കോർ : 6 14 മിനിട്ട്

**മൂല്യനിർണയ സൂചകങ്ങൾ**

- ★ നൽകിയ സൂചകങ്ങൾ വികസിപ്പിച്ചിട്ടുണ്ട്.
- ★ ആശയം കണ്ടെത്തി വിശകലനം ചെയ്തിട്ടുണ്ട്
- ★ സ്വന്തം നിരീക്ഷണം കണ്ടെത്തിയിട്ടുണ്ട്.
- ★ ഘടന പാലിച്ച് ഉചിതഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്.

**പ്രവർത്തനം . 4**

**പഠനനേട്ടം** : കഥകൾ വായിച്ച് സവിശേഷസന്ദർഭങ്ങൾ തിരിച്ചറിഞ്ഞ് വിലയിരുത്തുന്നതിന്

"ഇന്നാ രണ്ടു പേരയ്ക്കാ."

"ആർക്കാന്നാ കൊണ്ടെക്കൊട്." അവൾ അവന്റെ കൈ തട്ടിക്കളഞ്ഞു

"ഞാൻ അറിഞ്ഞോണ്ടു നെറ്റിയിൽ കൊള്ളിച്ചതല്ല."

"എന്നോടു മിണ്ടരുത് "

"ഇഷ്ടം കൊണ്ടാ ഞാൻ പേരയ്ക്ക ഇട്ടു തന്നത് "

അവൾ മിണ്ടിയില്ല

"ഈ പേരയ്ക്കാ മേടിക്ക് "

"എനിക്ക് വേണ്ട."

"നീ ഇതു മേടിച്ചു തിന്നില്ലെങ്കിൽ ഞാനാ പേര വെട്ടിക്കളയും."

"വെട്ടിക്കള. "

"നീ കരഞ്ഞതുകൊണ്ട് ഞാൻ തിന്നാതെ വച്ചിരുന്നതാ ഇത്. നീ തിന്നാലെ ഞാനും തിന്നുകൊള്ളു."

അവളുടെ മുഖം തെളിഞ്ഞു. അവൾ പേരയ്ക്കാ രണ്ടും വാങ്ങി. എന്നിട്ട് പുഞ്ചിരിയോടെ ഒന്ന് അവനു നീട്ടി. "ഒന്നു ചാക്കോച്ചൻ തിന്ന്."

അവനതു വാങ്ങി, അവളുടെ നെറ്റിയിൽ പതുക്കെ ഒന്നു തലോടി. "കള്ളിപ്പെണ്ണ് എന്നെയങ്ങു പേടിപ്പിച്ചു കളഞ്ഞു ! "

അവൾ കിടുകിടെച്ചിരിച്ചു.

**വായന**

**അധ്യാപിക ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു**

**ചർച്ച സൂചകങ്ങൾ**

pdfelement

★ ഏത് കഥയിലെ സന്ദർഭമാണിത്

★ ഇത്തരം അനുഭവങ്ങൾ നിങ്ങൾക്കുണ്ടായിട്ടുണ്ടോ

★ കുട്ടികളുടെ സംഭാഷണഭാഷയുടെ പ്രത്യേകത എന്താണ്

★ കുട്ടികൾ ഒരു പിണക്കത്തിൽ നിന്നാണ് ഇണക്കത്തിലേക്ക് വരുന്നത്. ഇതിന്റെ അടിസ്ഥാനകാരണം എന്താണ്. ?

★ അതുപോലെയാണോ മുതിർന്നവർ

-കുട്ടികളുടെ പ്രതികരണം

-പൊതുചർച്ച

-ആശയരൂപീകരണം - വ്യക്തിഗത രചന - അവതരണം

-അധ്യാപിക ക്രോഡീകരിക്കുന്നു.

കുട്ടികൾ നിഷ്കളങ്കരാണ്. എങ്കിലും മുതിർന്നവരുടെ പിണക്കങ്ങളും കലഹങ്ങളും അവരേയും സ്വാധീനിക്കാറുണ്ട്. നിഷ്കളങ്കത തുളുമ്പുന്ന അവരുടെ വാക്കുകൾ പലതും മറക്കാൻ അവരെ പ്രേരിപ്പിക്കുന്നു.

**തുടർന്ന്**

ചോദ്യം :- മുതിർന്നവർ തമ്മിലുള്ള കലഹങ്ങൾക്കിടയിലും സ്നേഹത്തിന്റെ പ്രകാശം പരത്താൻ കുട്ടികൾക്ക് കഴിയാറുണ്ട്. കോഴിയും കിഴവിയും എന്ന കഥയിലെ കുട്ടികളുടെ സംഭാഷണശകലങ്ങൾ വിശകലനം ചെയ്ത് സ്വാഭിപ്രായം വ്യക്തമാക്കുക

സ്കോർ - 4 സമയം 8 മിനിട്ട്

മൂല്യനിർണയ സൂചകങ്ങൾ

- ★ ആശയം കണ്ടെത്തിയിട്ടുണ്ട്
- ★ വിശകലനം നടത്തിയിട്ടുണ്ട്
- ★ സ്വാഭിപ്രായത്തിൽ എത്തിച്ചേർന്നിട്ടുണ്ട്

പ്രവർത്തനം - 5

**പഠനനേട്ടം** : മഹാന്മാരുടെ ജീവിതദർശനം തിരിച്ചറിയുന്നു. സമകാലിക വിഷയങ്ങളുമായി ബന്ധിപ്പിച്ച് കുറിപ്പ് തയ്യാറാക്കുന്നു.

"ജാതി ഒന്നാണെന്നതിന് തെളിവൊന്നും വേണ്ടല്ലോ
ഒരു പട്ടി വേറൊരു പട്ടിയെ കണ്ടാൽ അതിന്റെ
സ്വന്തം ജാതിയാണെന്ന് മനസ്സിലാക്കുന്നു
എല്ലാ മൃഗങ്ങൾക്കും ഈ വകതിരിവുണ്ട്
അതനുസരിച്ച് ജീവിക്കുന്നുമുണ്ട്. മനുഷ്യർക്ക് മാത്രം സംശയം. സ്വന്തം ജാതി
തിരിച്ചറിയാനുള്ള ശക്തിയില്ല. മൃഗങ്ങളേക്കാളും മോശം" **(ശ്രീനാരായണ ഗുരു)**

**-ഗുരുവചനങ്ങളടങ്ങിയ ചാർട്ട് പ്രദർശിപ്പിക്കുന്നു**

**- കുട്ടികളെക്കൊണ്ട് ഉറക്കെ വായിപ്പിക്കുന്നു**

**-അധ്യാപിക ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു.**

**-ചർച്ച**

**ചർച്ച സൂചകങ്ങൾ**

- ★ ഗുരുവിന്റെ വാക്കുകൾ നിങ്ങളിൽ എന്തെല്ലാം ചിന്തകൾ ഉണർത്തുന്നു?
- ★ ജാതിമതചിന്തകൾ ഇന്നും ശക്തമാണോ?
- ★ ഇതര സന്യാസിമാരിൽ നിന്നും വ്യത്യസ്തമായി ഗുരുവിന്റെ വാക്കുകളിൽ കാണുന്ന പ്രത്യേകത എന്ത്?

**- കുട്ടികൾ പ്രതികരിക്കുന്നു**

**-പൊതുചർച്ച**

**-ആശയരൂപീകരണം - വ്യക്തിഗത രചന - ഗ്രൂപ്പിൽ ചർച്ച**

**-കൈമാറി വായന - മെച്ചപ്പെടുത്തൽ - അവതരണം**

**ക്രോഡീകരണം**

ശ്രീനാരായണ ഗുരുവിന്റെ ചിന്തകളേയും സന്ദേശങ്ങളേയും ദേശകാലോചിതമായി വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്യുക എന്നത് സമകാലിക സമൂഹത്തിന്റെ ഒരാവശ്യമാകുന്നു. തപശ്ചര്യകൊണ്ട് വികസിപ്പിച്ച വ്യക്തിമഹത്വത്തെ സമൂഹോന്നമനത്തിനായി അദ്ദേഹം ഉപയോഗിച്ചു.

**തുടർന്ന്**

ചോദ്യം : - കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ ശ്രീ നാരായണഗുരു എന്ന പാഠഭാഗത്തിലെ ഗുരുവിന്റെ വാക്കുകളെ വിലയിരുത്തി ശ്രീ നാരായണഗുരു സാമൂഹ്യനവോത്ഥാനത്തിന്റെ ശില്പി എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

സ്കോർ 6 സമയം 14 മിനിട്ട്

മൂല്യനിർണയ സൂചകങ്ങൾ

- ★ പ്രസ്താവന വിശകലനം ചെയ്തിട്ടുണ്ട്
- ★ ഗുരുദർശനങ്ങളുടെ കാലിക പ്രസക്തി കണ്ടെത്തിയിട്ടുണ്ട്
- ★ ഉചിതസംഭവങ്ങൾ ഉദാഹരിച്ചിട്ടുണ്ട്
- ★ സ്വന്തം നിലപാട് വ്യക്തമാക്കിയിട്ടുണ്ട്

pdfelement

## അടിസ്ഥാനപാഠാവലി - യൂണിറ്റ് ടെസ്റ്റ്

### യൂണിറ്റ് -2 നിലാവുപെയ്യുന്ന നാട്ടുവഴികൾ

സ്കോർ : 20

സമയം : 45 മി

1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക (4 1 =4)

1. കൊച്ചുചക്കരച്ചി വീഴില്ല, വീണാലും അവൾ ആപത്തു വരുത്തുകയില്ല - ഇതിൽ നിന്നും കിട്ടുന്ന സൂചന

- **അമ്മയും കൊച്ചുചക്കരച്ചിയും തമ്മിലുള്ള ആത്മബന്ധം**
- **അമ്മയുടെ ആത്മവിശ്വാസം**
- **മാവിനോടുള്ള സ്നേഹം**
- **പ്രകൃതിയോടുള്ള അടുപ്പം**

2. "..... വെള്ളിത്താലമെടുത്തു നി -
രന്നു ലസിപ്പു നെയ്യാമ്പലുകൾ" - നെയ്യാമ്പലുകൾ വെള്ളിത്താലമെടുത്തത് എന്തിനാണ്?

- ഓണം വരുന്നത് കൊണ്ട്
- സൂര്യനുദിച്ചതു കൊണ്ട്
- മഴമാറിയപ്പോൾ
- ഓണത്തപ്പനെ വരവേല്ക്കാൻ

3. അടുത്ത പ്രഭാതത്തിൽ അയൽവീടുകളിൽ കോഴി കൂകി, ദഹിച്ച് പക്വാശയത്തിലെത്തിയ കോഴി മത്തായി മാർഗേണ കൂകി
അടിവരയിട്ട പദം നൽകുന്ന അർത്ഥവ്യത്യാസം എഴുതുക

4. ജാതിപിശാചിനെ ഉച്ചാടനം ചെയ്ത ഋഷിവര്യനാണ് ശ്രീനാരായണ ഗുരു. അടിവരയിട്ട പദത്തെ ഘടകപദമാക്കുക

5. മാതൃകപോലെ മാറ്റിയെഴുതുക
ഓർമ്മകളോടിക്കളിക്കുവാനെത്തുന്ന
ഓർമ്മകൾ, ഓടി, കളിക്കുവാൻ എത്തുന്ന
പരുങ്ങിയൊരുങ്ങിടുമോണക്കോടിയുടുത്തൊരുഷസ്സേ

**6 മുതൽ 7 വരെയുള്ള ചോദ്യത്തിന് 1 എണ്ണത്തിന് ഉത്തരമെഴുതുക** (1 x 2 =2)

6. മാവിനോടുള്ള പ്രേമം നാട്ടിൻപുറത്തെ കുട്ടികളിൽ മാത്രമല്ല കവികളിലും കാണാം. - (കൊച്ചുചക്കരച്ചി)
ഈ പ്രസ്താവനയെ സാധൂകരിക്കുന്ന രണ്ട് ഉദാഹരണങ്ങൾ എഴുതുക

7. ആ സ്വാദുള്ള ശവം അവരുടെ പറമ്പിനരികിൽ കിടന്നു (കോഴിയും കിഴവിയും)
അടിവരയിട്ടിരിക്കുന്ന വിശേഷണം സന്ദർഭത്തിനു നൽകുന്ന സവിശേഷമായ അർത്ഥം കുറിക്കുക

**8 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക** (4 x 2 =8)

8. 'വിശ്വാസമാണ് കൊച്ചുചക്കരച്ചിയിലെ അമ്മയെ രക്ഷിച്ചത്.' പ്രസ്താവന പരിശോധിച്ച് വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക

9. "നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു-

pdfelement

മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടു പരുങ്ങിയൊരുങ്ങിടു -
മോണക്കോടിയുടുത്തൊരുഷസ്സേ"

(ഓണമുറ്റത്ത് - വൈലോപ്പിള്ളി)

തന്നിരിക്കുന്ന വരികളുടെ കാവ്യഭംഗി വിശദമാക്കുക

10. "ഈ നന്ദികെട്ടവരുടെ ഇടയീന്ന് കർത്താവെന്നെയങ്ങു വിളിച്ചിരിന്നെങ്കിൽ"

(കോഴിയും കിഴവിയും)

മത്തായിയുടെ അമ്മ ഇങ്ങനെ പ്രാർത്ഥിക്കാനിടയായ സാഹചര്യം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

**11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ 1 എണ്ണത്തിന് ഉത്തരമെഴുതുക** (1 x 6 =6)

11. "ലോകമേ തറവാട് തനിക്കീ ചെടികളും
പുൽകളും പുഴുക്കളും കൂടിതൻ കുടുംബക്കാർ"

(വള്ളത്തോൾ)

"യത്ര വിശ്വം ഭവത്യേക നീഡം"

(ടാഗൂർ)

മുകളിൽ നൽകിയ കവിതാശകലങ്ങൾ വിശകലനം ചെയ്ത് ശ്രീനാരായണഗുരുവിന്റെ ഏകലോക സങ്കല്പം ഇന്നത്തെക്കാലത്ത് എത്രമാത്രം പ്രസക്തമാണ്. എഡിറ്റോറിയൽ (മുഖപ്രസംഗം) തയ്യാറാക്കുക

12. "ആ പൂവൻകോഴി ഒരു വിപ്ലവം അഴിച്ചുവിട്ടു. ആ രാത്രി അതു മത്തായിയുടെ തലച്ചോറിനകത്തു ചികയുകയും മാന്തുകയും കൊത്തിപ്പെറുക്കുകയും ചെയ്തു."

"ആ വീട്ടുകാരുടെ ഇടയിൽ ഒരഗ്നിപർവ്വതം പൊട്ടാറായി നിൽക്കുകയാണ്. അതു താമസിയാതെ പൊട്ടും"

"ഇവിടെ ഈ കൊച്ചുങ്ങളെപ്പോലും അറിയിക്കാതെ മാപ്പിളേം പിമ്പിളേം കൂടി കോഴിയെ വേവിച്ചു തിന്നേച്ച് അവന്റെ പേരിൽ കേസും"

(കോഴിയും കിഴവിയും)

മുകളിൽ നൽകിയ സന്ദർഭം വിശകലനം ചെയ്ത് കഥാനിരൂപണം തയ്യാറാക്കുക

## യൂണിറ്റ് -3
## വാക്കുകൾ വിടരുന്ന പുലരികൾ

- ★ പണയം
- ★ അമ്മയുടെ എഴുത്തുകൾ
- ★ പത്രനീതി

പ്രവർത്തനം 1.

പഠനനേട്ടം : സാഹിത്യകൃതികളിലെ ആശയങ്ങൾ വിശകലനം ചെയ്യുന്നതിനും താരതമ്യം ചെയ്ത് സ്വന്തം നിഗമനങ്ങൾ അവതരിപ്പിക്കുന്നതിനും വിവിധ രചനകളിലേർപ്പെടുന്നതിനും

പന്തളം കേരളവർമ്മയുടെ കവിതയിലെ ഒരു സന്ദർഭം നൽകുന്നു.

"നല്ല വാക്കോതുവാൻ ത്രാണിയുണ്ടാകണം
സത്യം പറയുവാൻ ശക്തിയുണ്ടാവണം"

**വരികൾ പ്രദർശിപ്പിക്കുന്നു**

**വ്യക്തിഗതമായി വായിക്കുന്നു**

**വിശകലനചോദ്യങ്ങൾ ഉന്നയിക്കുന്നു**

- ★ ഇത്തരം പ്രാർത്ഥനകൾ നിങ്ങളുടെ ജീവിതത്തിൽ പുലർത്താറുണ്ടോ?
- ★ ഈ വരികളുടെ സന്ദേശം എന്ത് ?
- ★ ഇന്നത്തെ സമൂഹത്തിൽ ഈ കാവ്യശകലത്തിന്റെ പ്രസക്തി എന്ത് ?

**പ്രതികരണങ്ങൾ ചർച്ച ചെയ്യുന്നു.**

**വ്യക്തിഗതമായി തയ്യാറാക്കുന്നു.**

**പൊതുവായി അവതരിപ്പിക്കുന്നു.**

**അധ്യാപികയുടെ ക്രോഡീകരണം**

നന്മയും സ്നേഹവും സത്യസന്ധതയും നിറഞ്ഞ ഒരു സമൂഹത്തെ സ്വപ്നം കാണുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരു കവിയെ നമുക്കിവിടെ കാണാം

**തുടർന്ന്**

"അരാജകമായ ഒരവസ്ഥയിൽ പോലും സത്യവും നീതിയും പുലർത്തുന്ന പത്രങ്ങളുടെ സാന്നിധ്യം സമൂഹത്തെ രക്ഷിക്കുന്നു." - ജഫ്ഴ്സൺ

"നന്മകൾ കേട്ടതു ചൊല്ലാൻ
നാക്കിനു കഴിയട്ടെ
തിന്മകൾ കൊത്തിക്കീറാൻ
കൊക്കിനു കഴിയട്ടെ"

അയ്യപ്പപ്പണിക്കർ

കവിതയും പ്രസ്താവനയും വിശകലനം ചെയ്ത് സാമൂഹ്യ ഇടപെടലുകളിൽ മാധ്യമങ്ങൾ എത്രമാത്രം നീതിപുലർത്തുന്നു? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക

സ്കോർ : 4 സമയം. 8 മിനിട്ട്

**മൂല്യനിർണയ സൂചകങ്ങൾ**

- ★ കവിതാശകലങ്ങളുടെയും പ്രസ്താവനയുടെയും ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.
- ★ വിശകലനം ചെയ്തിട്ടുണ്ട്.

★ സ്വന്തം അഭിപ്രായം അവതരിപ്പിച്ചിരിക്കുന്നു

★ യുക്തിപൂർവ്വം സമർത്ഥിച്ചിട്ടുണ്ട്.

പ്രവർത്തനം: 2

പഠനനേട്ടം. - കഥകൾ വായിച്ച് ആസ്വദിക്കുന്നതിനും കഥാപാത്ര സവിശേഷതകൾ തിരിച്ചറിയുന്നതിനും

★ "മൂന്നു പതിറ്റാണ്ടായി നൂലുകോർത്ത് കുഴിഞ്ഞുപോയ കണ്ണുകൾ"

★ "പകൽ സമയത്തുള്ള അധ്വാനം കൊണ്ടുമാത്രം ജീവിത ചെലവുകൾ നിറവേറ്റാൻ ചാക്കുണ്ണിക്ക് സാധിച്ചിരുന്നില്ല."

★ തൊഴിൽ ചെയ്യുമ്പോഴും കല ആസ്വദിക്കുന്നു.

റേഡിയോയെ മക്കളെപ്പോലെ സുക്ഷിക്കണമെന്ന പക്ഷക്കാരൻ (പണയം)

**-കഥാസന്ദർഭങ്ങൾ ബോർഡിലെഴുതുന്നു.**

**-വ്യക്തിഗതമായി വായിക്കുന്നു**

**-ചർച്ച സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു**

**സൂചകങ്ങൾ**

★ കഥാപാത്രത്തിന്റെ ജീവിതത്തിലെ എന്ത് അവസ്ഥകളാണ് ഇവിടെ വെളിപ്പെടുന്നത് ?

★ റേഡിയോ വാങ്ങിക്കാൻ ചാക്കുണ്ണി സഹിച്ച ത്യാഗങ്ങൾ എന്തെല്ലാം?

**-കുട്ടികളുടെ പ്രതികരണം ആരായുന്നു.**

**-ചർച്ച**

**-വ്യക്തിഗത രചന - ഗ്രൂപ്പിൽ ചർച്ച - കൈമാറി വായന - മെച്ചപ്പെടുത്തൽ - അവതരണം ക്രോഡീകരണം അധ്യാപിക നടത്തുന്നു.**

പണയം എന്ന കഥയിലെ ചാക്കുണ്ണിയുടെ ജീവിതമുഹൂർത്തങ്ങളാണ് ഇവിടെ പ്രകടമാകുന്നത്. ദരിദ്രമായ ജീവിതസാഹചര്യം. അധികസമയവും അധ്വാനിക്കുന്നു. തൊഴിൽ ചെയ്യുമ്പോഴും കല ആസ്വദിക്കുന്നു. മൂല്യങ്ങൾക്ക് വില കൽപ്പിക്കുന്നു. കഷ്ടപാടുകൾക്കിടയിലും കലയെ സ്നേഹിക്കുന്ന കലയ്ക്കുവേണ്ടി ത്യാഗം ചെയ്യുന്നവരുടെ പ്രതീകമാണ് ചാക്കുണ്ണി.

മുകളിൽ നൽകിയ കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് ചാക്കുണ്ണിയുടെ സ്വഭാവം നിരൂപണം ചെയ്യുക

സ്കോർ :6 സമയം : 14 മിനിട്ട്

**മൂല്യനിർണയ സൂചകങ്ങൾ**

★ കഥയുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.

★ കഥാപാത്രത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

★ വിശകലനം ചെയ്ത് ആശയക്രമീകരണം നടത്തിയിട്ടുണ്ട്

★ സ്വഭിപ്രായം വ്യക്തമാക്കിയിട്ടുണ്ട്.

★ കഥാപാത്രത്തിന്റെ കാലികപ്രാധാന്യം തിരിച്ചറിഞ്ഞിട്ടുണ്ട്

**പ്രവർത്തനം 3**

**പഠനനേട്ടം** - കവിത വിശകലനം ചെയ്ത് ആസ്വാദനം തയ്യാറാക്കുന്നതിന്

"അമ്മതൻ ചിന്മുദ്രയാണീയെഴുത്തുകൾ

നാദമായ് വന്നെന്റെ നാവിലെത്തേനായി
നാഭിയിൽ സ്പന്ദിച്ചതീയുള്ളെഴുത്തുകൾ"
വരികൾ പ്രദർശിപ്പിക്കുന്നു.

കുട്ടികൾ വായിക്കുന്നു. തുടർന്ന് ചർച്ച

★ 'നാവിലെത്തേൻ', 'നാഭിയിൽ സ്പന്ദിച്ചത് '
'ഉള്ളെഴുത്തുകൾ' എന്നീ പ്രയോഗങ്ങളുടെ ആശയങ്ങൾ എന്തെല്ലാം?

**ചർച്ച – പൊതു അവതരണം**

**ആശയങ്ങൾ**

★ തേനും വയമ്പും നൽകുന്നതിന്റെ സൂചന
★ വാക്കുകൾ തന്നെ തേനായി മാറുന്നു
★ അമ്മയും കുഞ്ഞും തമ്മിലുള്ള പൊക്കിൾക്കൊടി ബന്ധം
★ മാതൃഭാഷയിലെ എഴുത്തുകൾ അമ്മയുടെ ഹൃദയവികാരം തന്നെയാണ്.

ഇത്തരത്തിലുള്ള ആശയങ്ങൾ അവതരിപ്പിക്കാൻ കവി സ്വീകരിച്ചിരിക്കുന്ന രചനശൈലി നാം മനസ്സിലാക്കണം. അത് മനസ്സിലാക്കുമ്പോഴാണ് ഒരു കവിത ആസ്വാദ്യമാകുന്നത്.

അമ്മയുടെ എഴുത്തുകൾ എന്ന കവിതയിൽ നിന്നും
പ്രയോഗ സവിശേഷതകൾ
ബിംബകല്പനകൾ
വാങ്മയ ചിത്രങ്ങൾ
ചമത്ക്കാര ഭംഗി
ഭാഷാപരമായ മറ്റ് പ്രത്യേകതകൾ എന്നിവയുള്ള വരികൾ കണ്ടെത്തുക

ഉദാഹരണങ്ങൾ

- ഞാനാകും ഓർമ്മതൻ ഭൂമിയും
- പോയകാലത്തിൻ മധുരം
- ആദിമസംഗീതമായ് വന്നു മുളുന്നു
- പുത്തൻ പ്രകാശങ്ങൾ
- ജൻമമാകും വന പ്രാചീന നീലിമ
- കാവലായ് പിൻപേ പറക്കും കുളിർ

**തുടർന്ന്** യു. അശോകിന്റെ 'അമ്മവായന' എന്ന കവിത പരിചയപ്പെടുത്തുന്നു.

"അമ്മ ചൊല്ലിയ കഥകളിലെല്ലാം
നന്മ കിനിയുന്ന ലോകമാണ്
അമ്മ കണ്ട കിനാവിന്റെയുള്ളിൽ
പുഴയുണ്ട്, പൂമ്പാറ്റ വീടുണ്ട്
മഴവില്ലിന്റെ മിഴിവുള്ള വാക്കിന്
തേൻ തുളുമ്പുന്ന ഭാവമാണ്
പൂമരത്തണലിൽ കണ്ണീരു കനക്കുമ്പോൾ
അമ്മയെനിക്കൊരുമ്മയാണ്
അമ്മ വായിക്കുമ്പോൾ അക്ഷരം പെയ്യുന്നു
പുസ്തകമായ് ഭൂമിയിൽ പടരുന്നു"

pdfelement

കവിതയുടെ ആശയം, കാലികപ്രസക്തി, മറ്റ് ആസ്വാദന ഘടകങ്ങൾ മുതലായവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

സ്കോർ 6 സമയം : 14 മിനിട്ട്

മൂല്യനിർണ്ണയ സൂചകങ്ങൾ

★ കവിതയുടെ ആശയം കണ്ടെത്തിയിട്ടുണ്ട്.

★. ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്

★ ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്

★. സ്വാഭിപ്രായം കണ്ടെത്തിയിട്ടുണ്ട്

★ ഉചിതഭാഷ

pdfelement

## അടിസ്ഥാനപാഠാവലി - യൂണിറ്റ് ടെസ്റ്റ്

### യൂണിറ്റ് -3 വാക്കുകൾ വിടരുന്ന പുലരികൾ

സ്കോർ : 20

സമയം : 45 മി

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക** (4 x1=4)

**1. "അമ്മ തൻ ചിന്മുദ്രയാണീയെഴുത്തുകൾ**
**തന്മകന്നായിപ്പകർന്ന പാൽമുത്തുകൾ**
**താഴെ കൊടുത്തിരിക്കുന്നവയിൽ 'പാൽമുത്തുകൾ' എന്ന പ്രയോഗത്തിന്റെ ആശയത്തിന് ചേരാത്തത് ഏത്?**

- അമ്മ ചൊരിഞ്ഞ് സ്നേഹവാത്സല്യം
- അമ്മ നൽകിയ ഭാഷയുടെ ഭംഗി
- അമ്മ പകർന്ന പാലും മുത്തും
- അമ്മ പകർന്ന മുലപ്പാലിന്റെ വെണ്മ

2. "ഈ റേഡിയോ പാട്ട്വക്കെ ഇനിക്ക്ത്ര പിട്ക്കല്യ. മന്ഷ്യരെ മെനക്കട്ത്താൻ ഓരോ ഏർപ്പാടോള് !"
സംഭാഷണത്തിൽ തെളിയുന്ന ചെമ്പുമത്തായിയുടെ സ്വഭാവത്തിലെ സവിശേഷത കണ്ടെത്തുക.

- പണത്തോടുള്ള അത്യാഗ്രഹം
- കലയോടുള്ള ആഭിമുഖ്യം
- കലാകാരന്മാരോടുള്ള പരിഹാസം
- ജീവിതത്തിനേക്കാൾ പണത്തിന് വിലയുണ്ടെന്ന ചിന്ത

3. പത്രങ്ങൾ നാം വായിക്കുന്നത് ധൂമപാനം പോലെ ഒരു ദുഃശീലമായി തീർന്നതുകൊണ്ടാണ്.
അടിവരയിട്ട പദം വിഗ്രഹിച്ചെഴുതുക

4. "എത്ര കൗതൂഹലം, നോക്കിയാൽ മിണ്ടുമി-
ച്ചിത്രലേഖത്തിന്റെ താളുകൾ"
"ചിത്രലേഖം" എന്ന കവി വിശേഷിപ്പിക്കുന്നത് എന്തിനെ?

5. സാരം - നിസ്സാരം - 'നി' എന്ന ഉപസർഗ്ഗം ചേർന്നപ്പോൾ പദത്തിന്റെ അർത്ഥം മാറി.
താഴെ നൽകിയിരിക്കുന്ന പദത്തെ ഉചിതമായ ഉപസർഗം ചേർത്ത് മാറ്റിയെഴുതുക
ശോഭിച്ചു. -
പ്രസിദ്ധി -

**6 മുതൽ 7 വരെയുള്ള ചോദ്യത്തിന് 1 എണ്ണത്തിന് ഉത്തരമെഴുതുക** (2 x1=2)

6. മൂന്നു പതിറ്റാണ്ടായി നൂലുകോർത്ത 'കുഴിഞ്ഞപോയ കണ്ണുകൾ' കൊണ്ട് അയാൾ ചുറ്റുപാടും നോക്കുന്നത് മത്തായി ശ്രദ്ധിച്ചു (പണയം)
അടിവരയിട്ട പദത്തിന്റെ പ്രയോഗഭംഗി വ്യക്തമാക്കുക

7. എന്തു നവീനം! കുലീനം! പ്രിയേ നിന്റെ
സുന്ദരദൃഷ്ടി, നിന്നിഷ്ടമാണെന്റെയും - (അമ്മയുടെ എഴുത്തുകൾ)
'സുന്ദരദൃഷ്ടി' എന്ന പ്രയോഗം ധ്വനിപ്പിക്കുന്നതെന്ത്?

**8 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക** (4 x2=8)

8. "ആരു തേടും ? നാളെ നമ്മുടെ കുട്ടികൾ-
ക്കോർക്കാനുമമ്മയെ വേണ്ടായിരിക്കുമോ"
(അമ്മയുടെ എഴുത്തുകൾ)

"ഇപ്പെരുംമാളിന്റെ (ഇപ്പെരുമാളിന്റെ)
തൊട്ടടുത്തായുട്ടിറക്കിയാലെന്നോർത്തു"
(അമ്മത്തൊട്ടിൽ)

ഈ വരികളിൽ തെളിയുന്ന സമകാലിക അവസ്ഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

9. "നമ്മുടെ നല്ലകാലത്ത് അവറ്റെയൊക്കെ നല്ല പെടപെടച്ചിട്ടാ ഞാൻ വളർത്തീരിക്കണത്." (പണയം)
ചെമ്പുമത്തായിയുടെ കുട്ടികളോടുള്ള മനോഭാവം നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു. സ്വാഭിപ്രായം വ്യക്തമാക്കുക

10. "പോയകാലത്തിൻ മധുരങ്ങളിൽ ക്കൊതി-
യൂറുന്ന ശീലം മറന്നുതുടങ്ങി ഞാൻ
എങ്കിലുമമ്മയതോർമ്മയായ്, ആദിമ-
സംഗീതമായ് വന്നു മൂളുന്നിടയ്ക്കിടെ"
(അമ്മയുടെ എഴുത്തുകൾ)
കാവ്യഭംഗി വിശദമാക്കുക

**11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക** (6 x1=6)

"തുണികളിലൂടെ കത്രിക തെറ്റി സഞ്ചരിച്ചു. ചക്രം ചവിട്ടുമ്പോഴും സൂചി ഉയർന്നു താഴുമ്പോഴും അയാൾ അജ്ഞാതമായൊരു പാട്ടിനുവേണ്ടി കാതോർത്തു. മനസ്സിലെ നാടകത്തിൽ നിന്ന് ഏതെല്ലാമോ കഥാപാത്രങ്ങൾ ഒച്ചയെടുത്തു സംസാരിച്ചു."
റേഡിയോ പണയം വച്ചതിനുശേഷമുള്ള ചാക്കുണ്ണിയുടെ അവസ്ഥയാണിത്. ചാക്കുണ്ണി പണയം വച്ചത് റേഡിയോ മാത്രമാണോ? നിങ്ങളുടെ അഭിപ്രായം വിലയിരുത്തി കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

12. "ഏത് മനുഷ്യനും വാർത്ത അറിയുന്നതിന് മാത്രമല്ല, വാർത്ത നൽകുന്നതിനും പത്രത്തെ ആശ്രയിക്കേണ്ടിവരുന്നു" - സുകുമാർ അഴീക്കോട്
വാർത്തകൾ വിനിമയം ചെയ്യുന്നതിൽ പത്രങ്ങളുടെ പങ്ക് എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

pdfelement